# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കണിച്ചാർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കണ്ണൂർ**
**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**

**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.സ്.എ/കെ.എൻ.ആർ/സി.4/1868/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 06/12/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണിച്ചാർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.സ്.എ/കെ.എൻ.ആർ/സി.4/1868/2025 തീയ്യതി: 06/12/2025

# കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-11-2024 മുതൽ 05-11-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2025 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുരേശൻ പി വി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 06-11-2025 | 15-11-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-11-2025 | 15-11-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.രമേശൻ  കരോത്ത്, ഓഡിറ്റ് ഓഫീസർ.
ശ്രീമതി. രാജിമ എ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
ശ്രീമതി. ശ്രീജ കെ , സീനിയർ  ഗ്രേഡ് ഓഡിറ്റർ.
ശ്രീ. അഖിൽ  മോഹൻ  ടി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ആന്റണി സെബാസ്റ്റ്യൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.ദീപുരാജ് ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 28-04-2024 |
| ശ്രീ,വിനോദ് പി കെ | സെക്രട്ടറി | 29-04-2024 | 06-09-2024 |
| ശ്രീ.ദീപുരാജ് ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-09-2024 | 16-10-2024 |
| ശ്രീ.സജീഷ് രാജ് എസ് | സെക്രട്ടറി | 17-10-2024 | 14-11-2024 |
| ശ്രീ.ദീപുരാജ് ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-11-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ദീപുരാജ് ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ഡോ.ആശിഷ് കെ പി | മെഡിക്കൽ  ഓഫിസർ, പി എച്ച് സി | 01-04-2024 | 01-04-2024 |
| ഡോ.സിബീഷ് എസ് | മെഡിക്കൽ  ഓഫിസർ, പി എച്ച് സി | 02-04-2024 | 05-05-2024 |
| ഡോ.അക്ഷിത ഫ്രാൻസിസ് | മെഡിക്കൽ  ഓഫിസർ, പി എച്ച് സി | 06-05-2024 | 26-05-2024 |
| ഡോ.രമ്യ എം | മെഡിക്കൽ  ഓഫിസർ, പി എച്ച് സി | 27-05-2024 | 30-06-2024 |
| ഡോ.അക്ഷിത ഫ്രാൻസിസ് | മെഡിക്കൽ  ഓഫിസർ, പി എച്ച് സി | 01-07-2024 | 26-01-2025 |

| | | | |
|---|---|---|---|
| ഡോ.അതുൽ പി | മെഡിക്കൽ ഓഫിസർ, പി എച്ച് സി | 27-01-2025 | 31-03-2025 |
| ഡോ.ധന്യ കെ എൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ഡോ.മനോജ് ഇ പി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |
| ശ്രീ ബെഞ്ചി ഡാനിയേൽ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.സാജു പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 17-09-2024 |
| ശ്രീമതി.മഞ്ജുഷ ഡി | അസിസ്റ്റന്റ് എഞ്ചിനീയർ | 18-09-2024 | 31-03-2025 |
| ഡോ.ജോൺസൺ പി ജോൺ | വെറ്ററിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി.ജ്യോതിലക്ഷ്മി വി പി | ഹെഡ്മിസ്ട്രസ്സ് | 01-04-2024 | 13-06-2024 |
| ശ്രീ.ബാലൻ കെ | ഹെഡ്മാസ്റ്റർ | 14-06-2024 | 18-06-2024 |
| ശ്രീമതി സുമ കെ | ഹെഡ്മിസ്ട്രസ്സ് | 19-06-2024 | 31-03-2025 |
| ശ്രീമതി ആശ പി ഐ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 07-04-2024 |
| ശ്രീമതി. ലിനി വർഗ്ഗീസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 08-04-2024 | 31-03-2025 |
| ശ്രീ.ബിനുരാജ് പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി.മിനി സി ജി | വി.ഇ.ഒ, കണിച്ചാർ സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീ. സതീഷ് കുമാർ ആർ | വി.ഇ.ഒ, കൊളക്കാട് സർക്കിൾ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1-0 |
| 2 | ഇൻകം ഓവർ എക്സ്പെന്റിച്ചർ -മിച്ചതുക കണക്കാക്കിയതിലെ അപാകം | 1-1-1 |
| 3 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | അക്കൗണ്ടിംഗ് ചട്ടങ്ങൾ  പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-6 |
| 8 | അഡ്വാൻസ് തുക സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല. | 1-1-7 |
| 9 | തിരിച്ചടക്കാൻ ബാക്കിയുള്ള ലോൺ- രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (രസീറ്റ് & പേയ് മെന്റ് പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | ഗ്രാമസഭ | 1-10 |
| 20 | കമ്മിറ്റികളുടെ പ്രവർത്തനം | 1-11 |
| 21 | വസ്തു നികുതി പരിഷ്കരണം-നടപടിക്രമങ്ങൾ പൂർത്തീയാക്കിയിട്ടില്ല. | 1-12 |
| 22 | 60 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കി നൽകി | 1-13 |
| 23 | തൊഴിൽ  നികുതി അടവാക്കുന്നതിൽ  കാലതാമസം വരുത്തിയ നികുതിദായകരിൽ  നിന്നും വർദ്ധിപ്പിച്ച നിരക്കിലുള്ള  പിഴ ഈടാക്കിയില്ല. | 1-14 |
| 24 | ഗ്രാമ പഞ്ചായത്ത് വക കെട്ടിടത്തിന്റെ വാടക ഈടാക്കുന്നതിലെ | 1-15 |

| | | |
|---|---|---|
| | അപാകത | |
| 25 | തനത് ഫണ്ട് ചെലവ് അനുബന്ധ രേഖകൾ ലഭ്യമല്ല 56000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-16 |
| 26 | വ്യത്തി 2025 ദി ക്ലീൻ കേരള കോൺക്ലേവ് വിനിയോഗ വിവരം ലഭ്യമല്ല ₹25000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 27 | കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് വിഹിതം നൽകൽ -വിനിയോഗ വിവരം ലഭ്യമല്ല ₹50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 28 | ബൊക്കാഷി ബക്കറ്റ് വിതരണം രേഖകളുടെ അഭാവത്തിൽ 3 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 29 | വീടുകളിൽ റിംഗ് കമ്പോസ്റ്റ് വിതരണം രേഖകൾ ലഭ്യമല്ല ₹500000/ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 30 | ഐ.കെ.എം വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- ₹80000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 31 | എ.ബി.സി പദ്ധതിക്ക് വിഹിതം നൽകൽ വിനിയോഗ വിവരം ലഭ്യമല്ല - ₹50000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 32 | പഞ്ചായത്ത് ഓഫീസിന്റെ ഓഡിറ്റോറിയം സ്റ്റേജ് ചുമർ പാനലിംഗ് -രേഖകൾ ലഭ്യമല്ല 193328രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-23 |
| 33 | പഞ്ചായത്ത് ഓഫീസിൽ ചുമരിൽ അലമാര സ്ഥാപിക്കൽ - രേഖകൾ ലഭ്യമല്ല 39813 - രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-24 |
| 34 | വനിത ഫിറ്റ്നസ് സെന്റർ പ്രവർത്തനം സുതാര്യമാക്കേണ്ടതാണ് | 1-25 |
| 35 | പെയിൻ ആന്റ് പാലിയേറ്റീവ്- മരുന്ന് മുഴുവനായും ലഭ്യമായിട്ടില്ല - ₹19923 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |
| 36 | പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ- മരുന്ന് മുഴുവനായും ലഭ്യമായില്ല - ₹90085 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 37 | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ മുഴുവൻ മരുന്നും ലഭ്യമായില്ല- ചെലവ് തുക ₹19475 തടസ്സപ്പെടുത്തുന്നു. | 1-28 |
| 38 | തെങ്ങ് കൃഷി വികസനം - രേഖകളുടെ അഭാവത്തിൽ ചെലവ് ₹ 7627 തടസ്സപ്പെടുത്തുന്നു. | 1-29 |
| 39 | കുരുമുളക് കൃഷി വിസ്തൃതി വ്യാപനം പദ്ധതിയിലെ അപാകത - ₹1000 ചെലവ് തടസ്സപ്പെടുത്തുന്നു. | 1-30 |
| 40 | ഇടവിള കൃഷി വികസനം- രേഖകൾ ഹാജരാക്കിയില്ല - 200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-31 |
| 41 | അംഗൻവാടികളിൽ കഴൽ കിണറുകൾക്ക് മോട്ടോറും ടാങ്കും സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല- ചെലവ് തുക ₹226000 തയസ്സപ്പെടുത്തുന്നു | 1-32 |
| 42 | എലപ്പീടിക കോളനി- മലയാംപടി റോഡ് കോൺക്രീറ്റിംഗ്- പ്രവൃത്തി നടത്തിപ്പിലെ അപാകങ്ങൾ | 1-33 |

| | | |
|---|---|---|
| 43 | കാലി ടാർ വീപ്പ വിറ്റുകിട്ടുന്ന തുക തനത് ഫണ്ടിൽ നിക്ഷേപിച്ചത് - തിരിച്ചടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-34 |
| 44 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-35 |
| 45 | ജൽജീവൻ മിഷൻ പദ്ധതി-അവലോകനം | 1-36 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം-ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൽ | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ: | 4-9 |
| 10 | ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്നഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT AND PAYMENT STATEMENT | |
| 4 | INCOME AND EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-0 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കണിച്ചാർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 103/2025 ലെ 18-06-2025 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 19.06.2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2025ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്‌രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കണിച്ചാർ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കണ്ണൂർ,

06-12-2025.

## 1-1-1 ഇൻകം ഓവർ എക്സ്പെന്റിച്ചർ -മിച്ചതുക കണക്കാക്കിയതിലെ അപാകം

ഇൻകം എന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ മിച്ചതുക ₹12251276 യഥാർത്ഥ മിച്ചതുക ₹12125942 യുമായി പൊരുത്തപ്പെടുന്നില്ല. Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 158935678 |
| ആകെ ചെലവ് (B) | | 146029610 |
| മിച്ചം തുക C= A-B | | 12906068 |
| Prior Period Income -I-19 | -62667 | |
| Prior Period Expenditure I-18 | 717459 | |
| Net Difference Between Prior Period Income And Expenses I-19-I-18 ( D ) | | - 780126 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | 12125942 |

യഥാർത്ഥ മിച്ച തുകയായ ₹ 12125942 യാണ് ബാലൻസ് ഷീറ്റിലേക്ക് ക്യാരിഓവർ ചെയ്തിട്ടുള്ളത്

## 1-1-2 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

I) ധനകാര്യ കമ്മീഷൻ ഗ്രാന്റ് -B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹8726757) B-4ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി(₹8512043) പൊരുത്തപ്പെടുന്നില്ല.

Ii) സർവ്വ ശിക്ഷ അഭിയാൻ ഫണ്ട്- B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹798) B-4ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി (₹848) പൊരുത്തപ്പെടുന്നില്ല.

## 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹3139901 യാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹14916494 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-4 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
2. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-5 മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-6 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണം- വസ്തു നികുതി, വാടക എന്നിവ സാമ്പത്തിക വർഷാവസാനമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-7 അഡ്വാൻസ് തുക സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല.

ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂൾ പ്രകാരം Advance To Implementing Officers എന്ന ശീർഷകത്തിൽ ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള ₹171029 യിൽ ₹170000 മുൻ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുകയാണ്. അഡ്വാൻസ് തുക സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല.

## 1-1-8 തിരിച്ചടക്കാൻ ബാക്കിയുള്ള ലോൺ- രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രിക ബി 5 ഷെഡ്യൂൾ പ്രകാരം 11443916 രൂപയാണ് വായ്പ ഇനത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത് (44529 രൂപ പലിശ വരവ് ഉൾപ്പെടെ). ലോൺ രജിസ്റ്റർ പ്രകാരം 15404471 രൂപ തിരിച്ചടക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-1-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിൽ കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് 15.02.2024 ലെ 2/32/2024 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 27.03.2025 ലെ 1/65/2025നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 4470818.00 | 288188.00 |
| വരവ് | 263893000.00 | 198099993.00 |
| ആകെ | 268363818.00 | 198388181.00 |
| ചെലവ് | 262499370.00 | 197357594.00 |
| നീക്കിയിരിപ്പ് | 5864448.00 | 1030587.00 |

## 1-3 സാമ്പത്തിക വിശകലനം (രസീറ്റ് & പേയ് മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22962071.00 |
| വരവ് | 42287770.00 |
| ആകെ | 65249841.00 |
| ചെലവ് | 39147869.00 |
| നീക്കിയിരിപ്പ് | 26101972.00 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 1858251.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 18224000 | 18224000 | 18162239 | 61761 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 706000 | 706000 | 706000 | 0 |
| വികസന ഫണ്ട് ടി.എസ്.പി | | 0 | 4622000 | 4622000 | 4622000 | 0 |
| മെയിന്റനൻസ്, റോഡ് | | 0 | 16682000 | 16682000 | 16682000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 4945000 | 4945000 | 3704563 | 1240437 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ) | ബാങ്ക് | 5770552 | 6382500 | 12153052 | 4793520 | 7359532 |
| | ട്രഷറി | 0 | 2204224 | 2204224 | 1288235 | 915989 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) ബാങ്ക് | ബാങ്ക് | 385780 | 3320343 | 3706123 | 2553612 | 1152511 |
| | ട്രഷറി | 0 | 39918 | 39918 | 39813 | 105 |
| പിന്നോക്ക മേഖല ഗ്രാന്റ് | | 588145 | 0 | 588145 | 0 | 588145 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | | 1363 | 38522191 | 38523554 | 38523554 | 0 |
| ഐ.സി.ഡി.എസ് | | 1910059 | 1290296 | 3200355 | 796838 | 2403517 |
| ടി.എസ്.സി | | 383097 | 0 | 383097 | 0 | 383097 |
| എസ്.എസ്.എ | | 848 | 0 | 848 | 0 | 848 |

| | | | | | |
|---|---|---|---|---|---|
| ഹെൽത്ത് മിഷൻ ഫണ്ട് | 278 | 0 | 278 | 0 | 278 |
| എം പി ഫണ്ട് | 519 | 12 | 531 | 0 | 531 |
| ശുചിത്വ മിഷൻ ഫണ്ട് | 57047 | 0 | 57047 | 0 | 57047 |
| സാക്ഷരത | 6245 | 0 | 6245 | 0 | 6245 |
| വിമുക്തി | 17870 | 0 | 17870 | 0 | 17870 |
| ഹെൽത്ത് ഗ്രാന്റ് വെൽനസ് | 171541 | 499738 | 671279 | 144242 | 527037 |
| ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് | 995428 | 325305 | 1320733 | 66833 | 1253900 |
| ഹെൽത്ത് ഗ്രാന്റ് ബിൽഡിങ്ങ് കൺസ്ട്രക്ഷൻ | 2805171 | 80003 | 2885174 | 461245 | 2423929 |
| സ്വച്ഛ് ഭാരത് | 0 | 576000 | 576000 | 576000 | 0 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 2403248 | 4563181 | 6966429 | 3680000 | 3286429 |
| പ്രത്യേകോദ്ദേശ്യ ഗ്രാന്റ് | 255000 | 0 | 255000 | 0 | 255000 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 182 | 123502370 | 161 | 75936850 | 39 | 21 | 122 | 67.03 |

നിർവഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവഹണ ഉദ്യോഗസ്ഥർ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 1378920 | 1212253 | 87.91 |
| വെറ്ററനറി സർജ്ജൻ | 7 | 7 | 961450 | 828683 | 86.19 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 20 | 15 | 3669236 | 1472275 | 40.12 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 180000 | 167543 | 93.07 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 3 | 640000 | 639730 | 99.95 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (കണിച്ചാർ) | 9 | 9 | 44126827 | 19834084 | 44.94 |

| | | | | | |
|---|---|---|---|---|---|
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (കൊളക്കാട്) | 14 | 11 | 4855900 | 2978070 | 61.33 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 11 | 11 | 4650610 | 4578772 | 98.45 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 3800000 | 2222870 | 58.50 |
| സെക്രട്ടറി | 28 | 25 | 6892824 | 6067022 | 88.01 |
| ഹെഡ് മാസ്റ്റർ | 8 | 6 | 841200 | 596400 | 70.90 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 66 | 59 | 51025359 | 34890898 | 68.38 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 2 | 480000 | 448250 | 93.39 |
| ആകെ | 182 | 161 | 123502370 | 75936850 | 61.49 |

ജി.ഒ. പ്രോജക്ട് പ്രകാരം സ്രോതസ്സിൽ നിന്ന് കുറവ് വരുത്തിയ തുകകൾ സുലേഖ സ്റ്റേറ്റ്മെന്റിലെ അങ്കലിൽ ഉൾപ്പെട്ടിട്ടില്ല. ഈ തുകകൾ കൂടി ഉൾപ്പെടുത്തിയാണ് ആകെ അടങ്കലും ചെലവും കാണിച്ചിട്ടുള്ളത്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1363 | 540771 | 542134 | 542134 | 0 |
| തൊഴിലാളികളുടെ കൂലി (സാധന സാമഗ്രികൾ ഉൾപ്പെടെ) | | 37981420 | 37981420 | 37981420 | · |
| ആകെ | 1363 | 38522191 | 38523554 | 38523554 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 1080800 | 64 |
| വിധവാ പെൻഷൻ | 8157000 | 553 |
| വാർദ്ധക്യകാല പെൻഷൻ | 21830200 | 1604 |
| വികലാംഗ പെൻഷൻ | 2752200 | 175 |
| വിവാഹ ധനസഹായം | 0 | 0 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 408000 | 31 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.11.2025 തീയ്യതിയിൽ 02.55 Pm ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി . ഫ്രണ്ട് ഓഫീസിലെ നീക്കിയിരിപ്പ് തുകയായ ₹934/ - ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെടുകയുണ്ടായി.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ജീവനക്കാരുടെ ജോലികൾ സംബന്ധിച്ച ഓഫീസ് ഉത്തരവുകൾ അതത് സമയം നൽകുന്നുണ്ട്. പ്രതിമാസ ഓഫീസ് മീറ്റിംഗുകൾ കൃത്യമായി ചേരുകയും ഓഫീസ് പ്രവർത്തനം കൃത്യമായി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. യോഗങ്ങളിൽ പൊതുവായ ഓഫീസ് പ്രവർത്തനം, കാലതാമസമുള്ള ഫയലുകൾ തീർപ്പാക്കൽ, നികുതി പിരിവ് എന്നീ വിഷയങ്ങളാണ് ചർച്ചചെയ്തിട്ടുള്ളത്.

ഭരണസമിതി മിനുട്സ് തയ്യാറാക്കി അംഗീകാരത്തിന് അയക്കുന്നതിന് മാസങ്ങളുടെ കാലതാമസം: - പഞ്ചായത്ത് ഭരണ സമിതി കൃത്യമായി യോഗം ചേരുന്നുണ്ടെങ്കിലും മിനുട്സ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമ ചട്ടങ്ങളിലെ ചട്ടം 26(8) പ്രകാരം യോഗനടപടിക്കുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനുള്ളിൽ അധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതും ചട്ടം 28 (9) പ്രകാരം സെക്രട്ടറി തയ്യാറാക്കിയ യോഗ നടപടിക്കുറിപ്പിന്റെ നക്കൽ അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് വസ്തുതാപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതും 28(10) പ്രകാരം അദ്ധ്യക്ഷൻ അംഗീകരിച്ച യോഗ നടപടിക്കുറിപ്പ് സെക്രട്ടറിക്ക് ലഭിച്ചാൽ ഉടൻ തന്നെ അത് മിനുട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതും അതിന്റെ പകർപ്പ് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. നിലവിൽ സകർമ്മ സോഫ്റ്റ്വെയർ പ്രകാരമാണ് മിനുട്സ് തയ്യാറാക്കുന്നത് എന്നാൽ യോഗനടപടികൾ കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞാണ് മിനുട്സ് അദ്ധ്യക്ഷന് അയച്ച് അംഗീകാരം വാങ്ങുന്നുള്ളൂ. ഉദാഹരണം ചുവടെ കൊടുക്കുന്നു.

1.പഞ്ചായത്ത് ഭരണ സമിതി

| മീറ്റിംഗ് തീയതി | മിനുട്സ് അംഗീകാരത്തിന് അയച്ച് അംഗീകാരം നേടിയ തീയതി |
|---|---|
| 11.04.2024 | 27.05.2024 |
| 30.05.2024 | 21.08.2024 |
| 06.09.2024 | 05.10.2024 |
| 31.12.2024 | 04.02.2025 |
| 14.01.2025 | 11.03.2025 |
| 15.03.2025 | 17.06.2025 |

2.സ്റ്റാന്റിംഗ് കമ്മിറ്റി

| സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പേര് | മീറ്റിംഗ് തീയതി | മിനുട്സ് അംഗീകാരത്തിന് അയച്ച് അംഗീകാരം നേടിയ തീയതി |
|---|---|---|

| | | |
|---|---|---|
| ധനകാര്യം | 03.05.2024 | 10.07.2024 |
| ക്ഷേമം | 14.05.2024 | 11.06.2024 |
| ആരോഗ്യം | 21.05.2024 | 16.08.2024 |
| വികസനം | 27.05.2024 | 04.12.2024 |
| ധനകാര്യം | 11.11.2024 | 18.12.2024 |
| ക്ഷേമം | 07.11.2024 | 18.12.2024 |
| ആരോഗ്യം | 30.11.2024 | 06.12.2024 |
| വികസനം | 08.11.2024 | 18.12.2024 |

## 1-10 ഗ്രാമസഭ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം കുറഞ്ഞപക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. ഓഡിറ്റ് കാലയളവിൽ (2024-25 വർഷം) ആകെയുള്ള 13 വാർഡുകളിലും 2024 ജൂലൈ, സപ്തംബർ, 2025 ജനുവരി മാസങ്ങളിലായി മൂന്ന് തവണ ഗ്രാമസഭകൾ ചേർന്നിട്ടുണ്ട് . 2024 ജൂലൈ ചേർന്ന ഗ്രാമസഭകളിൽ 2024-25 വർഷിക പദ്ധതി , 2023-24 വരവ് ചെലവ് കണക്ക് അംഗീകരിക്കൽ, സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ, എന്നീ അജണ്ടകളും 2024 സപ്തംബറിൽ ചേർന്ന ഗ്രാമസഭകളിൽ 2024-25 വർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, 2025 ജനുവരിയിൽ ചേർന്ന ഗ്രാമസഭയിൽ 2025-26 വർഷ പദ്ധതി രൂപീകരണം അജണ്ട ഉൾപ്പെടുത്തുകയും ചർച്ച ചെയ്ത് തീരുമാനം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

നിയമാനുസൃത ഗ്രാമസഭകൾക്ക് പുറമെ 2025-26 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 2025 ജനുവരി മാസം കുട്ടികളുടെ ഗ്രാമസഭ,വയോജന ഗ്രാമസഭ, വനിതഗ്രാമസഭ, ഭിന്നശേഷി ഗ്രാമസഭ, പട്ടിക ജാതി ഗ്രാമസഭ എന്നിവയും ചേർന്നിട്ടുണ്ട്. കൂടാതെ 2024 ജൂലൈ,സപ്തംബർ 2025 ജനുവരി മാസങ്ങളിൽ വിവിധ ഊരുകൂട്ടയോഗങ്ങളും നടന്നിട്ടുണ്ട്.

## 1-11 കമ്മിറ്റികളുടെ പ്രവർത്തനം

2024-25 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായുള്ള ആസൂത്രണ സമിതി യോഗം 23.12.2023 നും വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗം 27.11.2023, 11.12.2023 തീയതികളിലും വികസന സെമിനാർ 27.12.2023നും ചേർന്നിട്ടുണ്ട്. 2024-25 കാലയളവിൽ 2025-26 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ആസൂത്രണസമിതി 23.12.2024നും വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗം 14.01.2025 നും വികസന സെമിനാർ 22.01.2025 നും ചേർന്നിട്ടുണ്ട്

2024-25 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2023 നവംബർ , ഡിസംബർ 2024ജനുവരി മാസങ്ങളിൽ നാല് തവണ വീതം യോഗം ചേർന്നിട്ടുണ്ട്. 2024-25 കാലയളവിൽ 2025-26 പദ്ധതി രൂപീകരണവുമായി വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2024 ഡിസംബർ 2025 ജനുവരി മാസങ്ങളിൽ നാല് തവണ വീതവും

യോഗം ചേർന്നിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുകയോ പ്രോജക്ടുകളുടെ വിശദമായ മോണിറ്ററിംഗ് നടത്തുകയോ ചെയ്ത വിവരം മിനുട്സിൽ ഇല്ല. ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് പൂരിപ്പിച്ച് ചെയർമാനും കൺവീനറും ഒപ്പിട്ട് വെക്കുക മാത്രമാണ് ചെയ്യുന്നത്. പ്രോജക്ട് മോണിറ്ററിംഗ് ശക്തിപ്പെടുത്തേണ്ടതാണ്.

## 1-12 വസ്തു നികുതി പരിഷ്കരണം-നടപടിക്രമങ്ങൾ പൂർത്തീയാക്കിയിട്ടില്ല.

22.03.2023ലെ സ.ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01.04.2023 പ്രാബല്യത്തിൽ നിലവിലുള്ള നികുതിദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്വെയറിൽ ചേർക്കേണ്ടതുണ്ട്. ഈ വിവരങ്ങളുടെയും 9 ബി ഫാറം ലഭിച്ചതിന്റെയും അടിസ്ഥാനത്തിൽ അധിക നിർമ്മാണം നടത്തിയത് മുതലും ഘടനാപരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വന്ന കാലം മുതലും നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുമുണ്ട്. മേൽ വിഷയവുമായി ബന്ധപ്പെട്ട് കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് തലത്തിൽ ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിവരവും പുരോഗതി വിവരവും ലഭ്യമാക്കുന്നതിനായി 07.11.2025-ന് നൽകിയ 6ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് തലത്തിൽ ഇതുവരെ നടപടികൾ ആരംഭിച്ചിട്ടില്ലായെന്ന് അറിയിച്ചിരുന്നു. വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുമെന്നതിനാൽ ജി.ഐ.എസ് മാപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും വിവരശേഖരണം നടത്തി വസ്തുനികുതി പരിഷ്കരണ നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 60 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കി നൽകി

വസ്തുനികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട സ.ഉ(എം.എസ്)നം.358/15/തസ്വഭവ തീയതി 16.12.2015 ഖണ്ഡിക (3) പ്രകാരം 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ പാർപ്പിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചതിൽ 60 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല. കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയതിന്റെ കാരണം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുമില്ല.

| വാർഡ്/ കെട്ടിട നമ്പർ | തറ വിസ്തീർണം (ചതുരശ്ര മീറ്റർ) | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 2/214A | 69 | എടത്താഴെ മാത്യു | നികുതി, ഉപനികുതി |

| | | | |
|---|---|---|---|
| | | | എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 2/310 | 60.18 | പനയ്ക്കവേലി ജോസഫ് | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 3/173A | 85.63 | വണ്ടികെട്ട്യാട്ട ചാത്തു | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 6/217 | 70 | കുറ്റികാട്ട് കുന്നേൽ അന്നകുട്ടി | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 6/391 A1 | 63 | കണ്ടനാട്ട് സക്കറിയ | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 8/8B | 80 | കുഴികാട്ട് സാബു | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 8/387A | 65 | കാതർമുകളേൽ സേവ്യർ | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 11/134 | 157.06 | കോടിയാട്ടിൽ വർഗീസ് | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 11/170A | 65 | മറ്റത്തിൽ ത്രേസ്യാമ്മ | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |

മേൽ പരാമർശിച്ച കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/11.11.2025) മറുപടിയായി കെട്ടിടങ്ങളുടെ നിലവിലുള്ള അവസ്ഥ പരിശോധിച്ച് നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി ബാധകമായ മുഴുവൻ കെട്ടിടങ്ങൾക്കും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## <u>1-14 തൊഴിൽ നികുതി അടവാക്കുന്നതിൽ കാലതാമസം വരുത്തിയ നികുതിദായകരിൽ നിന്നും വർദ്ധിപ്പിച്ച നിരക്കിലുള്ള പിഴ ഈടാക്കിയില്ല.</u>

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം വിജ്ഞാപനം പ്രകാരം 01-04-2023 പ്രാബല്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 209 ഇ വകുപ്പിന് വരുത്തിയ ഭേദഗതി പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ബൈലോകളിലെയോ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള (ഒരു ശതമാനമായിരുന്നത് 01-04-2023 പ്രാബല്യത്തിൽ രണ്ട് ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്) പിഴ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം 2023 ഏപ്രിൽ ഒന്ന് മുതൽ രണ്ട് ശതമാനം നിരക്കിൽ പിഴ ഈടാക്കേണ്ടതുണ്ട്. (ഒരു അർദ്ധവർഷത്തിൽ നൽകേണ്ടതായി തീർന്നതും നൽകേണ്ടതുമായ ഏതെങ്കിലും തുക അതേ

അർദ്ധവർഷത്തിൽ നൽകുന്ന പക്ഷം പിഴ ഈടാക്കേണ്ടതില്ല). എന്നാൽ കണിച്ചാർ ഗ്രാമപഞ്ചായത്തിൽ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി സെപ്തംബർ മാസത്തിന് ശേഷം അടച്ചപ്പോൾ നികുതിക്ക് പിഴ ഒക്ടോബർ മാസം മുതലാണ് ഈടാക്കിയതെന്ന് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഐ.എൽ.ജി.എം.എസ് എന്നിവ പരിശോധിച്ചതിൽ നിന്ന് വ്യക്തമായിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി അടച്ച രസീത് നം/ തീയതി | തൊഴിൽ നികുതി രൂപ | ഈടാക്കിയ പിഴ | ഈടാക്കേണ്ട പിഴ | കുറവ് വന്ന തുക |
|---|---|---|---|---|---|
| കൃഷി ഭവൻ | 1240400839/ 17.10.2024 | 3750 | 75 | 150 (4%) | 75 |
| കൊളയാട് പോസ്റ്റ് ഓഫീസ് | 1240400750 /07.10.2024 | 2000 | - | 80 (4%) | 80 |
| മലയാപടി പോസ്റ്റ ഓഫീസ് | 1240400750 /07.10.2024 | 1250 | 25 | 50 (4%) | 25 |
| പുളകുറ്റി പോസ്റ്റ് ഓഫീസ് | 1240502580 /29.03.2025 | 2750 | 275 | 385 (14%) | 110 |
| കൊളക്കാട് ക്ഷീര സംഘം | 1240502605 / 31.03.2025 | 3000 | - | 420 (14%) | 420 |
| ഓടന്തോട് ക്ഷീര സംഘം | 1240401104/ 08.11.2024 | 3500 | - | 210 (6%) | 210 |
| കണിച്ചാർ ഗ്രാമപഞ്ചായത്ത് കോൺട്രാക്ട്സ് | 1240400667 & 1240400668/ 01.10.2024 | 4500 | - | 180 (4%) | 180 |

മേൽ സർക്കാർ ഉത്തരവിൽ/വിജ്ഞാപനത്തിൽ നിഷ്കർഷിച്ച പ്രകാരം പിഴ ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/11.11.2025) മറുപടിയായി തൊഴിൽ നികുതി ഇനത്തിൽ നികുതിദായകരിൽ നിന്നും ഈടാക്കേണ്ടിയിരുന്ന നിരക്കിലുള്ള പിഴ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പട്ടികയിലെ ഉദാഹരണങ്ങളിൽ പരാമർശിച്ചവരിൽ നിന്നുൾപ്പെടെ 2024-25 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി വൈകി അടവാക്കിയതിന് പിഴ ഈടാക്കാത്തതും കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കിയതുമായ മുഴുവൻ നികുതിദായകരിൽ നിന്നും പിഴ ഈടാക്കേണ്ടതാണ് .

## 1-15 ഗ്രാമ പഞ്ചായത്ത് വക കെട്ടിടത്തിന്റെ വാടക ഈടാക്കുന്നതിലെ അപാകത

ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ബൈലോ (ഉത്തരവ് നമ്പർ-സി5-51123/2018, തീയ്യതി 08.11.2018)

പ്രകാരം മുറികൾ കൈവശം വയ്ക്കുവാനുള്ള അവകാശം വർഷാ വർഷമോ പരമാവധി മൂന്ന് വർഷത്തിൽ കവിയാത്ത കാലത്തേയ്ക്കോ മാർച്ച് 31 ന് അവസാനിക്കും വിധം പരസ്യ ലേലം മുഖേന ഉറപ്പിക്കുന്ന വാടകയുടെ അടിസ്ഥാനത്തിൽ നൽകേണ്ടതാണെന്നും, പഞ്ചായത്ത് കമ്മിറ്റിക്ക് യുക്തമെന്ന് തോന്നുന്ന അധിക വാടക (പരമാവധി നിലവിലുള്ള വാടകയേക്കാൾ 5 %) നിശ്ചയിച്ചു വീണ്ടും മുൻവാടകക്കാരെ ലേലം കൂടാതെ മുറികൾ വാടകയ്ക്ക് നൽകാമെന്നും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ശ്രീ. ജോസഫ് തോമസ് എം (കടമുറി നമ്പർ KP III/213D) 27.03.2019-ന് ലേലത്തിലൂടെ ഏറ്റെടുത്ത കടമുറി വാടക നിരക്ക് പുതുക്കാതെയും, ഇടയ്ക്കുള്ള കാലയളവിൽ യാതൊരു ലേലനടപടിയും വർദ്ധനനടപടിയും ഇല്ലാതെയും, ജൂൺ 2025 വരെ തുടർച്ചയായി ഉപയോഗിച്ചതായി വാടക രജിസ്റ്റർ പരിശോധിച്ചപ്പോൾ കണ്ടെത്തി. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയിറിക്ക് (16/11.11.2025) മറുപടിയായി മുറികൾ ലേലത്തിലെടുക്കാൻ ആളുകളില്ലാത്തതിനാലാണ് വാടക വർദ്ധനവ് നടത്താതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ബൈലോയിൽ നിർദ്ദേശിച്ച പ്രകാരം വാടക ഈടാക്കൽ, കരാർ പുതുക്കൽ നടപടികൾ പാലിച്ച് പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-16 തനത് ഫണ്ട് ചെലവ് അനുബന്ധ രേഖകൾ ലഭ്യമല്ല 56000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1) അക്കൗണ്ടന്റ് കം ഐ ടി എക്സപേർട്ട് വേതന വിഹിതമിനത്തിൽ ജോയിന്റ് ഡയറക്ടർ എൽ എസ് ജി ഡി കണ്ണൂരിന് വൗച്ചർ നം. 22400296 Dt 25-7-2024 പ്രകാരം ₹20000 അവനുവദിച്ചിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
2) സാക്ഷരത പ്രേരക് സന്തോഷ് കുമാർ പി എസ് എന്നവർക്ക് ഏപ്രിൽ മേയ് ജൂൺ മാസത്തെ ഹോണറേറിയം ഇനത്തിൽ വൗച്ചർ നം. 22400171 Dt 12-6-2024 പ്രകാരം ₹24000,വൗച്ചർ നം. 22400242 Dt 25-7-2024 പ്രകാരം ₹12000 നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് സാധാ 743/2024 /Lsgd Dt 12-4-2024പ്രകാരം സാക്ഷരതാ പ്രേരക് മാരുടെ ഹോണറേറിയത്തിന്റെ 60% തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമിനത്തിൽ നൽകാനാണ് വ്യവസ്ഥ ചെയ്തത് എങ്കിലും മേൽവൗച്ചറുകൾ പ്രകാരം ഗ്രാമ പഞ്ചായത്തിലെ പ്രേരകിന് ഏപ്രിൽ, മേയ്, ജൂൺ മാസത്തെ ഹോണറേറിയം ഇനത്തിലെ മുഴുവൻ തുകയും തനത് ഫണ്ടിൽ നിന്നാണ് അനുവദിച്ചത് . തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 33/15-11-2025 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ 56000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-17 വൃത്തി 2025 ദി ക്ലീൻ കേരള കോൺക്ലേവ് വിനിയോഗ വിവരം ലഭ്യമല്ല ₹25000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 206/25, വൃത്തി 2025 ദി ക്ലീൻ കേരള കോൺക്ലേവ് |
| അടങ്കൽ | ₹25000, വികസന ഫണ്ട് – പൊതുവിഭാഗം |
| ചെലവ് | ₹25000, ബിൽ നമ്പർ 404/24-3-2025 |

വൃത്തി 2025 ദി ക്ലീൻ കേരള കോൺക്ലേവ് പദ്ധതിയിൽ സർക്കാർ ഉത്തരവ് (സാധാ ) നമ്പർ 645/2025 /LSGD Dt 7-3-2025 പ്രകാരം സംസ്ഥാനത്ത്

മാലിന്യസംസ്കരണപ്രവൃത്തികളോടനുബന്ധിച്ച് വൃത്തി 2025 ദി ക്ലീൻ കേരള കോൺക്ലേവ് എന്ന പേരിൽ സംഘടിപ്പിക്കുന്ന ഇവന്റിനു വേണ്ടി പഞ്ചായത്ത് വിഹിതമായി മേൽ ബിൽ പ്രകാരം 25000 രൂപ ശുചിത്വമിഷന് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/7-11-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹25000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-18 കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമല്ല ₹50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ , പേര് | 98/25 ,കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് വിഹിതം നൽകൽ |
| അടങ്കൽ | ₹50,000 വികസന ഫണ്ട് (ബേസിക് ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് തുക/ബിൽ നമ്പർ | ₹50,000 (136/17.12.2024) |

ഗ്രാമപഞ്ചായത്തിലെ കോക്ലിയാർ ഇംപ്ലാന്റേഷൻ ചെയ്ത കുട്ടികൾക്ക് ഉപകരണങ്ങളുടെ മെയിന്റനൻസിനായി തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറുന്നതിനുള്ളതാണ് പ്രൊജക്ട് . പദ്ധതി പ്രകാരം മേൽ ബിൽ മുഖേന 50,000 രൂപ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് (A/C No. 3301005800000015) കൈമാറിയിട്ടുണ്ട്.
പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.
1) പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിന്റെ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ പെട്ട അനവദ്യ മനോജ് എന്ന കുട്ടിക്കാണ് ആനുകൂല്യം നൽകിയത് . പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി 28/05-2022 ഖണ്ഡിക 7.1(ബി)(2) പ്രകാരം കോക്ലിയാർ ഇംപ്ലാന്റ് ചെയ്ത കുട്ടികളുടെ ഉപകരണങ്ങളുടെ റിപ്പയറിങ്ങിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരുകുട്ടിക്ക് 50,000രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സാമൂഹ്യ സുരക്ഷ മിഷന് കൈമാറേണ്ടതാണെന്ന് വ്യവസ്ഥ ചെയ്ചിട്ടുണ്ട്. കേരള സർക്കാറിന്റെ 9-11-2023 ലെ സർക്കുലർ നമ്പർ DA1/284/2023-തസ്വഭവ പ്രകാരം, ടി പദ്ധതിക്ക് തുക നൽകുന്നത് 2023-24 വർഷം മുതൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ അക്കൗണ്ടിലായിരിക്കണം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ അക്കൗണ്ടിൽ അടവാക്കി ട്രാൻസാക്ഷൻ രശീതും കുട്ടികളുടെ ലിസ്റ്റും സഹിതം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വർഷാവർഷം ഓരോ കുട്ടിയുടെയും ഇംപ്ലാന്റ് മെയിന്റനൻസിന്റെ ആവശ്യകത ഉന്നയിക്കുകയോ ഡോക്ടറുടെ സർട്ടിഫിക്കറ്റ് ആവശ്യപ്പെടുകയോ ചെയ്യേണ്ടതില്ല എന്നും മെയിന്റനൻസിന്റെ യൂണിറ്റ് കോസ്റ്റായി മാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ച തുക സാമ്പത്തിക വർഷാദ്യം തന്നെ പ്രൊജക്ട് മുഖേന സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറുന്നതിനും വർഷാവസാനം തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ് എന്നും മേൽ സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ അക്കൗണ്ടിൽ അടവാക്കി ട്രാൻസാക്ഷൻ രശീതും കുട്ടികളുടെ ലിസ്റ്റും സഹിതം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറിയതിന്റെ വിവരം ,സ്റ്റേറ്റ്

ഹെൽത്ത് ഏജൻസിക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20/12-11-2025) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രത്തിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-19 ബൊക്കാഷി ബക്കറ്റ് വിതരണം രേഖകളുടെ അഭാവത്തിൽ 3 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ കൊളക്കാട് സർക്കിൾ |
| പ്രോജക്ട് നമ്പർ / പേര് | 9/25, ബൊക്കാഷി ബക്കറ്റ് വിതരണം |
| അടങ്കൽ | ₹384750, വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ടൈഡ്) |
| ചെലവ് | ₹300000 ബിൽ നമ്പർ : 400/24-3-2025 |

ബൊക്കാഷി ബക്കറ്റ് വിതരണം എന്ന പ്രൊജക്ടിൽ ബൊക്കാഷി ബക്കറ്റ് വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ലഭ്യമായ മൂന്ന് ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഗ്ലോബൽ ഫാർമസിക്യൂട്ടിക്കൽസ്, തവക്കര കോംപ്ലക്സ് , കണ്ണൂർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചു (17-2-2025 ലെ 27(6)/2025 നമ്പർ തീരുമാനം) ആയത് പ്രകാരം ബൊക്കാഷി ബക്കറ്റ് ഒന്നിന് 2840 രൂപയാണ് അംഗീകരിച്ച നിരക്ക്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു

1) ഗ്ലോബൽ ഫാർമസിക്യൂട്ടിക്കൽസ്എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നമ്പർ INV/2024/056145 Dt 22-3-2025 പ്രകാരം 150 ബൊക്കാഷി ബക്കറ്റ് 426000രൂപക്ക് വാങ്ങി മേൽ ബിൽ പ്രകാരം ജി എസ് ടി കിഴിവ് ചെയ്ത് സ്ഥാപനത്തിന് 291480 രൂപ നൽകിയിട്ടുണ്ട്. ഫയലിൽ ബൊക്കാഷി ബക്കറ്റ് വിതരണത്തിനായി ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ 172 പേർ ഉൾപ്പെട്ടിട്ടുണ്ട്. ബൊക്കാഷി ബക്കറ്റ് സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

2) ബൊക്കാഷി ബക്കറ്റിന് ഗുണഭോക്തൃ വിഹിതമിനത്തിൽ തുക പിരിച്ചെടുത്തതിന്റെ രേഖകൾ, ഗ്ലോബൽ ഫാർമസിക്യൂട്ടിക്കൽസിന് ഗുണഭോക്തൃ വിഹിതമിനത്തിലെ തുക നൽകിയതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല

3) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രൊക്വയർമെന്റ് മാന്വൽ ജി.ഒ(പി) നം.259/2010/തസ്വഭവ തീയതി 08-11-2010 പ്രകാരം ഒരു ലക്ഷം രൂപക്ക മുകളിലുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് എന്നാൽ ഇവിടെ ക്വട്ടേഷൻ ക്ഷണിച്ചാണ് ബൊക്കാഷി ബക്കറ്റ് വാങ്ങിയിട്ടുള്ളത്

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 30/14-11-2025) ലഭ്യമാക്കിയ മറുപടിയിൽ രണ്ട് തവണ ടെണ്ടർ ക്ഷണിച്ചിട്ടും ആരും ടെണ്ടറിൽ പങ്കെടുക്കാത്തതിനാൽ പദ്ധതി എത്രയും പെട്ടന്ന് പൂർത്തിയാക്കി ചെലവ് ശതമാനം വർദ്ധിപ്പിക്കേണ്ടതിനാൽ ഭരണസമിതി തീരുമാനത്തിനനുസരിച്ചാണ് (31-12-2024 ലെ നമ്പർ 201/2024 തീരുമാനം ) ക്വട്ടേഷൻക്ഷണിച്ച് പദ്ധതി നടപ്പാക്കിയത് എന്നും ഗുണഭോക്തൃ വിഹിതമിനത്തിലെ തുക 2025-26 വർഷം കലക്ട് ചെയ്യുന്നതേയുള്ളൂ എന്നും പദ്ധതി സ്പിൽ ഓവറായി നടന്നുവരികയാണെന്നും ബാക്കി തുക കൈമാറിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതമിനത്തിൽ തുക ശേഖരിച്ചതിന്റെ രേഖകൾ , 150 ബൊക്കാഷി ബക്കറ്റ് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ

അഭാവത്തിൽ 3 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-20 വീടുകളിൽ റിംഗ് കമ്പോസ്റ്റ് വിതരണം രേഖകൾ ലഭ്യമല്ല ₹500000/ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ കൊളക്കാട് സർക്കിൾ |
| പ്രോജക്ട് നമ്പർ / പേര് | 8/25 ,വീടുകളിൽ റിംഗ് കമ്പോസ്റ്റ് വിതരണം |
| അടങ്കൽ | ₹742500 വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ്) |
| ചെലവ് | ₹500000/(ബിൽ നമ്പർ 377/20-3-25) |

വീടുകളിൽ റിംഗ് കമ്പോസ്റ്റ് വിതരണം എന്ന പദ്ധതിയിൽ റിംഗ് കമ്പോസ്റ്റ് വാങ്ങുന്നതിനായി ഇ ടെണ്ടർ ക്ഷണിച്ച് ലഭ്യമായ മൂന്ന് ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ (റിംഗ് കമ്പോസ്റ്റ് -2540) ടെണ്ടർ ഭരണസമിതി അംഗീകരിച്ച് കെയ്കോവിന്റെ ഇൻവോയ്സ് നമ്പർ K-243/2024-25 Dt 17-3-2025 പ്രകാരം 272 എണ്ണം റിംഗ് കമ്പോസ്റ്റുകൾ 690880രൂപക്ക് വാങ്ങിയിട്ടുണ്ട് . ആയതിൽ മേൽ ബിൽ പ്രകാരം 5 ലക്ഷം രൂപ നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു

1) റിംഗ് കമ്പോസ്റ്റ് ഗുണഭോക്തൃ വിഹിതമിനത്തിൽ തുക കലക്ട് ചെയ്തതതിന്റെ വിവരം, റിംഗ് കമ്പോസ്റ്റിന്റെ ബാക്കി തുക നല്കിയതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല

2) 272 റിംഗ് കമ്പോസ്റ്റ് സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിവരം ലഭ്യമാക്കിയിട്ടില്ല

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/14-11-2025) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി നടന്നു വരികയാണെന്നും റിംഗ് കമ്പോസ്റ്റ് മുഴുവൻ വിതരണം ചെയ്ത് രേഖകൾ ഹാജരാക്കുന്ന മുറക്ക് മാത്രമേ ബാക്കി തുക നൽകുകയുള്ളൂ എന്നും മറുപടി നൽകിയിട്ടുണ്ട്. 272 റിംഗ് കമ്പോസ്റ്റുകളുടെ ഗുണഭോക്തൃ വിഹിതമിനത്തിലെ തുക പിരിച്ചെടുത്തതിന്റെ രേഖകകൾ, റിംഗ് കമ്പോസ്റ്റുകളുടെ വിതരണ രേഖകൾ എന്നിവ ലഭ്യമാക്കാത്തതിനാൽ ₹500000/ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-21 ഐ.കെ.എം വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-₹80000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 4/25, ഐ.കെ.എം വിഹിതം നൽകൽ |
| അടങ്കൽ | ₹80000 - വികസന ഫണ്ട് – പൊതുവിഭാഗം |
| ചെലവ് | ₹80000 - ബിൽ നമ്പർ : 288/10-3-2025 |

ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ.കെ.എം ന് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ₹80000 ഐ.കെ.എം എക്സിക്യൂട്ടീവ് ഡയരക്ടർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (നമ്പർ 7/7-11-2025) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹80000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-22 എ.ബി.സി പദ്ധതിക്ക് വിഹിതം നൽകൽ വിനിയോഗ വിവരം ലഭ്യമല്ല - ₹50000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 19/25, എ.ബി.സി പദ്ധതിക്ക് വിഹിതം നൽകൽ |
| അടങ്കൽ | ₹50000, വികസന ഫണ്ട്- പൊതുവിഭാഗം |
| ചെലവ് | ₹50000 ബിൽ നം : 317/14-3-2025 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ സ.ഉ(സാധാ) 2065/2022/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ-ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രൊജക്ടായാണ് എ.ബി.സി നടപ്പിലാക്കേണ്ടതെന്നും മുഖ്യ നിർവ്വഹണസ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും ഇതിനുള്ള വിഹിതം ജില്ലാപഞ്ചായത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രൊജക്ട് പ്രകാരം ₹50000 കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം, പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/7-11-2025) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹50000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-23 പഞ്ചായത്ത് ഓഫീസിന്റെ ഓഡിറ്റോറിയം സ്റ്റേജ് ചുമർ പാനലിംഗ് - രേഖകൾ ലഭ്യമല്ല 193328രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 107/25, പഞ്ചായത്ത് ഓഫീസിന്റെ ഓഡിറ്റോറിയം<br>സ്റ്റേജ് ചുമർ പാനലിംഗ് |
| അടങ്കൽ | ₹150000 വികസന ഫണ്ട്- പൊതുവിഭാഗം<br>₹50000 വികസന ഫണ്ട്- ധനകാര്യകമ്മീഷൻ ഗ്രാന്റ് – ടൈഡ്<br>ആകെ ₹200000 |
| ചെലവ് | ₹143328, ബിൽ നം : 156/27-12-24<br>₹40000, ബിൽ നം : 242/17-2-2025<br>₹10000, ബിൽ നം : 244/17-2-2025<br>ആകെ: ₹193328 |

പഞ്ചായത്ത് ഓഫീസിന്റെ ഓഡിറ്റോറിയം സ്റ്റേജ് ചുമർ പാനലിംഗ് എന്ന പദ്ധതിയിൽ റബ്കോവിൽ നിന്ന് ലഭ്യമാക്കിയ കത്ത് അനുസരിച്ച് 27 സ്ക്വയർ മീറ്റർ പാനലിംഗ് വർക്ക് ചെയ്യുന്നതിന് സ്ക്വയർ മീറ്ററിന് 5714രൂപ പ്രകാരം (ജി എസ് ടി,

ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഉൾപ്പെടെ) 154278രൂപയും SS Lettering (ഇ കെ നായനാർ സ്മാരക ഓഡിറ്റോറിയം എന്ന് മലയാളത്തിൽ എഴുതുന്നതിന്) 39050 രൂപയും ചേർത്ത് 193328 രൂപയുടെ എസ്റ്റിമേറ്റാണ് റബ്കോ നൽകിയിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ച് നൽകിയ റബ്കോവിന്റെ ഇൻവോയ്സ് നമ്പർ RHW/24-25/125 Dt 5-10-2024 പ്രകാരം 193328 രൂപ റബ്കോവിന് മേൽ ബില്ലുകൾ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി സംബന്ധിച്ച എൽ എസ് ജി ഡി എഞ്ചിനീയറുടെ പ്രവൃത്തി ചെയ്ത ഏരിയ വ്യക്തമാക്കുന്ന വാലേഷൻ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/7-11-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 193328 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-24 പഞ്ചായത്ത് ഓഫീസിൽ ചുമരിൽ അലമാര സ്ഥാപിക്കൽ - രേഖകൾ ലഭ്യമല്ല 39813 - രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 117/25, പഞ്ചായത്ത് ഓഫീസിൽ ചുമരിൽ അലമാര സ്ഥാപിക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹39918 വികസന ഫണ്ട് – ധനകാര്യകമാമീഷൻ ഗ്രാന്റ് - ബേസിക് ഗ്രാന്റ്<br>₹82 -തനത് ഫണ്ട്<br>ആകെ - ₹ 40000 |
| ചെലവ് | ₹19959 ബിൽ നമ്പർ 64/19-7-2024<br>₹19854 ബിൽ നമ്പർ402/24-3-2025<br>ആകെ – ₹39813 |

പഞ്ചായത്ത് ഓഫീസിൽ ചുമരിൽ അലമാര സ്ഥാപിക്കൽ എന്ന പദ്ധതിയിൽ റബ്കോവിൽ നിന്നും ലഭ്യമാക്കിയ 27-2-2023തീയതിയിലെ ഇൻവോയ്സ നമ്പർ RHW/23-24 /191 Dt 27-9-2023 പ്രകാരം 2.16 സ്ക്വയർമീറ്റർ ചുമരലമാര സെറ്റ് ചെയ്യുന്നതിന് 39813 രൂപ മേൽ ബില്ലുകൾ പ്രകാരം നൽകിയിട്ടുണ്ട്.
എന്നാൽ മേൽ പ്രവൃത്തി നിശ്ചിത ഏരിയയിൽ ചെയ്തു എന്ന് ബന്ധപ്പെട്ട എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വാലേഷൻ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/12-11-2025) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 39813 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-25 വനിത ഫിറ്റ്നസ് സെന്റർ പ്രവർത്തനം സുതാര്യമാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ, പേര് | 101/25, വനിത ഫിറ്റ്നസ് സെന്റർ |
| അടങ്കൽ | ₹10,00,000 വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് തുക/ബിൽ നമ്പർ | ₹208900 (284/10-3-2025)<br>₹791080 (283/10-3-2025)<br>ആകെ -₹999980 |

വനിത ഫിറ്റ്നസ് സെന്റർ എന്ന പദ്ധതിയിൽ ഫിറ്റ്നസ് സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി മേൽ ബില്ലുകൾ പ്രകാരം ₹9,99,980 ചെലവഴിച്ചിട്ടുണ്ട്. ആയതിൽ ജോ & ജോ എന്റർപ്രൈസസിൽ നിന്നും ₹208900 യുടെ ഫിറ്റ്നസ് ഉപകരണങ്ങളും ജെം വഴി Qualito Enterprises ൽ നിന്നും 791080 രൂപയുടെ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. വാങ്ങിച്ച

ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. ഫിറ്റ്നസ് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കാൻവേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/12-11-2025) ലഭ്യമാക്കിയ മറുപടിയിൽ വനിത ഫിറ്റ്നസ് സെന്റർ 30-6-2025ന് ഉദ്ഘാടനം ചെയ്തുവെന്നും ആയതിന്റെ നടത്തിപ്പ് ചുമതല ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഐസിഡി എസ് സൂപ്പർവൈസർ മെമ്പർമാർ എന്നിവർ ഉൾപ്പെട്ട ജനകീയ പരിപാലന കമ്മിറ്റിയെ ഏൽപ്പിച്ചിട്ടുണ്ടെന്നും ഫിറ്റ്നസ് സെന്ററിലേക്ക് ട്രെയിനറെ ലഭിക്കാത്തതിനാൽ ഭരണസമിതി അംഗീകാരത്തോടെ 5000രൂപ ഹോണറേറിയംനൽകി കൊണ്ട് കെയർടേക്കറെ നിയമിച്ചിട്ടുണ്ടെന്നും ട്രെയിനിംഗിന് വരുന്നവരിൽ നിന്നും 300രൂപ അഡ്മിഷൻ ഫീസ്, 500 രൂപ പ്രതിമാസ ഫീസ് എന്നിങ്ങനെ ഈടാക്കുന്നുണ്ടെന്നും നിലവിൽ സെന്റർ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നും അറിയിച്ചിട്ടുണ്ട്. വാടകകെട്ടിടത്തിന്റെ വാടകയും കെയർടേക്കറുടെ പ്രതിഫലം, ഉപകരണങ്ങളുടെ മെയിന്റൻസ് എന്നിവ ഫീസിനത്തിൽ ലഭിക്കുന്ന തുകയിൽ നിന്നും വഹിക്കണം എന്ന് ഫിറ്റ്സസ് സെന്ററിനായി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഫിറ്റന്സ് സെന്ററിൽ നിന്ന് ലഭ്യമാവുന്ന വരവ് ചെലവ് വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്ത് മോണിറ്റർ ചെയ്യുന്നില്ല. ഫിറ്റ്നസ് സെന്ററിന്റെ വരവ് ചെലവ് വിശദാംശംങ്ങൾ, ബന്ധപ്പെട്ട വൗച്ചറുകൾ സഹിതം ജനകീയ പരിപാലനകമ്മിറ്റിയിൽ വെച്ച് അംഗീകാരം ലഭ്യമാക്കേണ്ടതും പ്രവർത്തനം കൂടുതൽ സുതാര്യമാക്കേണ്ടതുമാണ്.

## 1-26 പെയിൻ ആന്റ് പാലിയേറ്റീവ്- മരുന്ന് മുഴുവനായും ലഭ്യമായിട്ടില്ല - ₹19923 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രോജക്ടിന്റെ നമ്പരും പേരും | 154/2025, പെയിൻ ആന്റ് പാലിയേറ്റീവ് (സ്പിൽ ഓവർ) |
| അടങ്കൽ | ₹50167- വികസന ഫണ്ട് - പൊതു വിഭാഗം<br>₹300000- ജില്ല പഞ്ചായത്ത് വിഹിതം<br>ആകെ- ₹ 350167 |
| ചെലവ് | ₹48759 ബിൽ നം: 393/22-3-2025<br>- വികസന ഫണ്ട് - പൊതു വിഭാഗം<br>ആകെ -₹48759 |

മേൽ പ്രൊജക്ട് പ്രകാരം പെയിൻ ആന്റ് പാലിയേറ്റീവ് രോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള 21-3-2025 ലെ പ്രഫോർമ ഇൻവോയിസ് നമ്പർ PRF 4636 ന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് മുൻകൂർ അനുവദിച്ച 48759 രൂപയിൽ 28836 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട് (30-9-2025 വരെയുള്ള ടാക്സ് ഇൻവോയിസ് ബില്ലുകൾ പ്രകാരം). അവശേഷിക്കുന്ന 19923 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ടാക്സ് ഇൻവോയിസ് ബില്ലുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ 27/14-11-2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മരുന്ന് ലഭ്യമായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാവാത്തതിനാൽ ₹19923 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ- മരുന്ന് മുഴുവനായും ലഭ്യമായില്ല - ₹90085 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രോജക്ടിന്റെ നമ്പരും പേരും | 78/2025, പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹200000- മെയിന്റനൻസ് ഫണ്ട് -റോഡിതരം |
| ചെലവ് | ₹118370 ബിൽ നം: 326/14-3-2025<br>₹67190 ബിൽ നം: 373/19-3-2025<br>₹14400 ബിൽ നം: 345/15-3-2025<br>ആകെ -₹199960 |

മേൽ പ്രൊജക്ട് പ്രകാരം പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ₹185560 മുൻകൂർ തുക അനുവദിച്ചിട്ടുണ്ട്.ആയതിൽ മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭ്യമായിട്ടില്ല .വിശദ വിവരം ചുവടെ കൊടുക്കുന്നു

| ക്രമ നമ്പർ | ബിൽ നമ്പർ | പ്രഫോർമ ഇൻവോയിസ് | മരുന്ന് വാങ്ങുന്നതിന് നൽകിയ തുക ₹ | ലഭ്യമായ മരുന്നിന്റെ വില ₹ | ലഭിക്കാനുള്ള മരുന്നിന്റെ വില ₹ |
|---|---|---|---|---|---|
| 1 | 326/14-3-2025 | PRF 3578/ 11-2-2025 | 118370 | 92237 (8-7-2025 വരെയുള്ള ബില്ലുകൾ പ്രകാരം ലഭ്യമായത്) | 26133 |
| 2 | 373/19-3-2025 | PRF 4433/ 17-3-2025 | 67190 | 3238 (12-9-2025 വരെയുള്ള ബില്ലുകൾ പ്രകാരം ലഭ്യമായത്) | 63952 |
| | ആകെ | | 185560 | 95475 | 90085 |

അവശേഷിക്കുന്ന 90085 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ടാക്സ് ഇൻവോയിസ് ബില്ലുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ലഭ്യമാക്കനാവശ്യപ്പെട്ടു കൊണ്ട് നൽകിയ 28/14.11.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മരുന്നുകൾ ലഭ്യമായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാവാത്തതിനാൽ ₹90085 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ മുഴുവൻ മരുന്നും ലഭ്യമായില്ല- ചെലവ് തുക ₹19475 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്ട് നം/പേര് | 73/25 - ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹15,0000 - മെയിന്റനൻസ് ഫണ്ട് റോഡിതരം |

| | |
|---|---|
| ചെലവ് | ₹15,0000 - ബിൽ നം 177 /18.01.2025 |

ഹോമിയോ ആശുപത്രിയിൽ മരുന്നു വാങ്ങുന്നതിനായി Order No.13D13/2024-25/1 തീയതി 22.01.2025 പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ – ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, ആലപ്പുഴ എന്ന സ്ഥാപനത്തിന് ₹150000 മുൻകൂറായി നൽകിയിട്ടുണ്ട് . ഇതിൽ ടാക്സ് ഇൻവോയ്സ് നം LF.608 Dtd. 03.07.2025 പ്രകാരം ₹5236 യുടെ മരുന്നുകളും ടാക്സ് ഇൻവോയ്സ് LF.1213dtd 20.08.2025 പ്രകാരം ₹125289.00 മരുന്നുകളും ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള ₹19475 യുടെ മരുന്നുകൾ ലഭിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.04/07.11.2025) മറുപടിയിൽ ആലപ്പുഴ ഹോംകോയിൽ നിന്നും ലഭിക്കാൻ ബാക്കിയുള്ള മരുന്നുകൾ ഉടൻ ലഭ്യമാകുമെന്ന് അറിയിച്ചിട്ടുണ്ട് എന്നാണ് മെഡിക്കൽ ഓഫീസർ മറുപടി നൽകിയത്. മരുന്നുകൾ ലഭ്യമാകാത്തതിനാൽ ചെലവ് തുക ₹19475.00 തടസ്സപ്പെടുത്തുന്നു.

## 1-29 തെങ്ങ് കൃഷി വികസനം - രേഖകളുടെ അഭാവത്തിൽ ചെലവ് ₹ 7627 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ/ പേര് | 06/2025, തെങ്ങ് കൃഷി വികസന പദ്ധതി |
| അടങ്കൽ | 250000 /- രൂപ ( വികസന ഫണ്ട്) |
| ചെലവ് | 222253 /- രൂപ |

തെങ്ങ് കൃഷിക്ക് ജൈവവളം, കുമ്മായം രാസവളം എന്നിവയ്ക്ക് സബ്സിഡി നൽകുന്നതിനാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ഒരു തെങ്ങിന്ന് ഒരു കിലോ വേപ്പിൻ പിണ്ണാക്ക്, കുമ്മായം, എന്നിവയ്ക്ക് ചെലവായതിന്റെ 75 % വും, ഒരു കിലോ പൊട്ടാഷിന് 50 % നിരക്കിലും ഗുണഭോക്താവിന് സബ്സിഡി നൽകുന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ കൊടുത്ത ഗുണഭോക്താക്കൾ ജൈവവളം വാങ്ങിയ ബില്ലുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ സബ്സിഡി തുക (രൂപ) | ബിൽ നമ്പർ/ തീയതി |
|---|---|---|
| ജിന്റോ | 2500 | 202/17.01.2025 |
| നസ്സീമ | 2627 | 154/17.12.2024 |
| പ്രസാദ് പി.എസ് | 2500 | 154/17.12.2024 |

പ്രസ്തുത രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയിറിക്ക് (23/13.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ബില്ലുകൾ ഹാജരാക്കാത്ത ഗുണഭോക്താക്കൾക്ക് സബ്സിഡി തുക നൽകിയതിനാൽ 7627രൂപ തടസ്സപ്പെടുത്തുന്നു.

## 1-30 കുരുമുളക് കൃഷി വിസ്തൃതി വ്യാപനം പദ്ധതിയിലെ അപാകത - ₹1000 ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 28/2025, കുരുമുളക് കൃഷി വിസ്തൃതി വ്യാപനം |
| അടങ്കൽ | 100000/- രൂപ (വികസന ഫണ്ട്, പൊതു വിഭാഗം) |
| ചെലവ് | 100000/- രൂപ |
| ബിൽ നമ്പർ/തീയ്യതി / തുക | 204/17.01.2025, 100000 /- രൂപ |

ഒരു കുരുമുളകിന് 10 രൂപ നിരക്കിൽ 10,000 കുരുമുളക് വള്ളിത്തലകൾ 100 കർഷകർക്ക് വിതരണം ചെയ്ത് കുരുമുളക് കൃഷി വ്യാപിപ്പിക്കുകയാണ് പ്രോജക്റ്റിന്റെ ലക്ഷ്യം. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കേരളാ അഗ്രോ കോപ്പറേഷൻ ലിമിറ്റഡിന്റെ ബിൽ (ഇൻവോയിസ്സ് നം.M177/24-25) പരിശോധിച്ചതിൽ 10 രൂപ നിരക്കിൽ ആകെ 10000 കുരുമുളക് വള്ളിത്തലകൾ വാങ്ങുന്നതിനായി ബിൽ നമ്പർ 204/17.01.2025 പ്രകാരം 100000 /- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്ററിൽ 9900കുരുമുളക് വള്ളിത്തലകൾ മാത്രമേ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയിറിക്ക് (24/13.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വാങ്ങിയ 10,000 കുരുമുളക് വള്ളിത്തലകളിൽ **100** വള്ളിത്തലകൾ വിതരണം ചെയ്തിട്ടില്ലാത്തതിനാൽ ₹1000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 ഇടവിള കൃഷി വികസനം- രേഖകൾ ഹാജരാക്കിയില്ല - 200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ/ പേര് | 48/2025, ഇടവിള കൃഷി വികസനം |
| അടങ്കൽ | 200000 /- രൂപ ( വികസന ഫണ്ട്, പൊതു വിഭാഗം) |
| ചെലവ് | 200000/- രൂപ |
| ബിൽ നമ്പർ/തീയ്യതി/ തുക | 191/17.01.2025, 200000/- രൂപ |

ചേന, കൂർക്ക, ചേമ്പ്, കാച്ചിൽ എന്നീ കിഴങ്ങ് വർഗ്ഗ വിളകളുടെ വിത്തുകൾ ഉൾപ്പെടുന്ന 160 കിറ്റുകൾ കർഷകർക്ക് വിതരണം ചെയ്യുന്നതാണ് പദ്ധതിയുടെ ലക്ഷ്യം. മേൽ പദ്ധതിയുടെ ഫയൽ പരിശോധനയിൽ പ്രോജക്റ്റിനായി ബിൽ നമ്പർ 191/17.01.2025 പ്രകാരം 200000/- രൂപ ചെലവഴിച്ച് കേരളാ അഗ്രോ കോപ്പറേഷൻ ലിമിറ്റഡിൽ (ഇൻവോയിസ് നം.M178/24-25) നിന്നും ഇടവിളകൾ അടങ്ങിയ 160 കിറ്റുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ചേന, ചേമ്പ്, കൂർക്ക, കാച്ചിൽ എന്നീ കിഴങ്ങ് വർഗങ്ങൾ ഉൾപ്പെട്ട ഒരു കിറ്റിന് ആകെ 1250 രൂപ ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഓരോ കിറ്റിൽ ഇവ ഓരോന്നും എത്ര കിലോ ഉൾപ്പെട്ടിരുന്നു, അവയ്ക്ക് ഈടാക്കിയ വില ജില്ലാതലത്തിൽ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിലാണോ എന്ന രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയിറിക്ക് (25/13.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 അംഗൻവാടികളിൽ കഴൽ കിണറുകൾക്ക് മോട്ടോറും ടാങ്കും

**സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല- ചെലവ് തുക ₹226000 തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം/പേര് | 75/25- വിവിധ കുഴൽ കിണറുകൾക്ക് മോട്ടോറും ടാങ്കും സ്ഥാപിക്കൽ |
| അടങ്കൽ | ₹ 226000/- വികസന ഫണ്ട് ജനറൽ |
| ചെലവ് | ₹ 226000/ (ബിൽ നം 405/24.03.2025) |

വിവിധ കുഴൽ കിണറുകൾക്ക് മോട്ടോറും ടാങ്കും സ്ഥാപിക്കൽ എന്ന പ്രോജക്ടു പ്രാകരം പൂളക്കുറ്റി അംഗൻവാടി, രാജമുടി മലയാമ്പടി അംഗൻവാടി എന്നിവിടങ്ങളിലെ കുഴൽ കിണറുകൾക്ക് മോട്ടോറും ടാങ്കും സ്ഥാപിക്കുന്നതിന് ₹2,26,000 ഭൂജല വകുപ്പ് കണ്ണൂർ ജില്ലാ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഭൂജല വകുപ്പുമായി ഏർപ്പെട്ട കരാർ (കരാർ നം AE/LSGD/KCR/01/2025-26 Dtd. 02.04.2025) പ്രകാരം പ്രവൃത്തി 30.06.2025 ന് പൂർത്തിയാക്കേണ്ടതാണ്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/ 14.11.2025 നുള്ള മറുപടിയിൽ പ്രവൃത്തി ഇതുവരെ പൂർത്തീകരിച്ചിട്ടില്ല എന്നും പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കാനുള്ള നിർദ്ദേശം ഗ്രൗണ്ട് വാട്ടർ വകുപ്പിന് നൽകിയിരുന്നെങ്കിലും ആയത് പൂർത്തീകരണ കാലാവധിയിൽ പൂർത്തീകരിച്ചിട്ടില്ല എന്നും തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത് .

പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹2,26,000 തടസ്സപ്പെടുത്തുന്നു.

## 1-33 ഏലപ്പീടിക കോളനി- മലയാംപടി റോഡ് കോൺക്രീറ്റിംഗ്- പ്രവൃത്തി നടത്തിപ്പിലെ അപാകങ്ങൾ

**നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ**

| | |
|---|---|
| പ്രോജക്ട് നം/പേര് | 132/25 – ഏലപ്പീടിക കോളനി - മലയാംപടി റോഡ് കോൺക്രീറ്റിംഗ് |
| അടങ്കൽ | ₹32,40,000 (കോർപ്പസ് ഫണ്ട്) |
| പി എ സി | ₹2138704/- |
| ചെലവ് | ₹2519252 ( BRN-24220552002101717365 Dtd. 26.03.2025 |
| കരാറുകാരൻ | ശ്രീ. എം.ടി. അബ്ദുൾ ബഷീർ |
| കരാർ നം/തീയതി | AE/LSGD/KCR/25/2022-23 Dtd. 08.03.2023 |
| സൈറ്റ് കൈമാറിയ തീയതി | 18.03.2023 |
| പ്രവൃത്തി പൂർത്തീകരണ | 6 മാസം |

| | |
|---|---|
| കാലാവധി | |
| പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | 18.09.2023 |
| പ്രവൃത്തി പൂർത്തീകരിച്ചത് | 19.02.2024 |
| ഈടാക്കിയ പിഴ | ₹ 59188/- |

മേൽ പ്രവൃത്തി കരാർ കാലയളവിൽ പുർത്തീകരിക്കാൻ സാധിക്കാത്തതിനാൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് 01.09.2023 ന് കരാറുകാരൻ അപേക്ഷിക്കുകയും അസിസ്റ്റൻറ് എഞ്ചിനീയറുടെ 23.09.2023 ലെ ശുപാർശയുടെ (Lr.No.10/AE/ LID &EW/KCR/2023-24) അടിസ്ഥാനത്തിൽ 25.09.2023 ലെ പഞ്ചായത്ത് ഭരണ സമിതി തീരുമാനം 1/295(3)/2023 പ്രകാരം 31.12.2023 വരെ നീട്ടി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് (AE/LSGD/KCR/25A/2023-24 Dtd. 25.09.2023) വെക്കുകയും ചെയ്തു. എന്നാൽ 31.12.2023 വരെയും പ്രവൃത്തി ആരംഭിക്കാതിരിക്കുയും കരാറുകാരനായ ശ്രീ. എം.ടി. അബ്ദുൾ ബഷീർ പ്രവൃത്തി പവർ ഓഫ് അറ്റോണി പ്രകാരം ശ്രീ. ജോസഫ്. എൻ.സി എന്നവർക്ക് നൽകുകയും സമയം നീട്ടി നൽകുന്നതിന് കരാറുകാരൻ 11.12.2023 ന് വീണ്ടും അപേക്ഷ നൽകുകയും ചെയ്തു. അസിസ്റ്റൻറ് എഞ്ചിനീയറുടെ 11.12.2023 ലെ ശുപാർശയുടെ (Lr.No.31/AE/LID &EW/KCR/2023-24) അടിസ്ഥാനത്തിൽ 13.12.2023 ലെ പഞ്ചായത്ത് ഭരണ സമിതി തീരുമാനം 363/2023 പ്രകാരം പവർ ഓഫ് അറ്റോണി അംഗീകരിക്കുയും 31.03.2024 വരെ സമയം നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ജോസഫ് .എൻ.സി അസിസ്റ്റന്റ് എഞ്ചിനീയറുമായി സപ്ലിമെന്ററി എഗ്രിമെന്റ് (AE/LSGD/KCR/25A/2023-24 Dtd. 13.12.2023) വെച്ചിട്ടുണ്ട്.

പ്രവൃത്തി 04.01.2024 ന് ആരംഭിച്ച് (എം.ബുക്ക് പ്രകാരം) 19.02.2024 ന് പ്രവൃത്തി പൂർത്തീകരിക്കുയും നിയമപരമായ എല്ലാ കിഴിവുകളും വരുത്തി പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിനുള്ള പിഴയായ ₹59188 യും ഈടാക്കി ശ്രീ ജോസഫ്. എൻ.സി എന്നവർക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ പവർ ഓഫ് അറ്റോണി പ്രാകരം പ്രവൃത്തി ഏറ്റെടുത്ത് സയമപരിധിക്കകം പൂർത്തിയാക്കിയതിനാൽ ഈടാക്കിയ പിഴ തിരിച്ചു നൽകണമെന്ന് അപേക്ഷിക്കുകയും അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 26.07.2025 ലെ ഭരണസമിതി തീരുമാനം 140(2)/2025 പ്രകാരം തുക തിരിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. (വൗച്ചർ നം P-G 131101-25000413 Dtd.13.10.2025).

അസിസ്റ്റന്റ്എഞ്ചിനീയറുമായി കരാറിൽ ഏർപ്പെട്ട് പണി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുത്തിയ കരാറുകാരനായ ശ്രീ. എം.ടി. അബ്ദുൾ ബഷീറിനെതിരെ നിയമപരമായ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 34/15.11.2025 നുള്ള മറുപടിയിൽ കരാറുകാരനെതിരെ നിലവിൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല എന്നും കരാറുകാരൻ സെക്യൂറിറ്റി തുകയായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ പ്ലഡ്ജ് ചെയ്ത ട്രഷറി സെക്യൂരിറ്റി കണ്ടുകെട്ടി പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് വരവ് വെക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്നാണ് അസിസ്റ്റന്റ്എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്.

പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടതുവഴി പഞ്ചായത്തിനുണ്ടായ മുഴുവൻ നഷ്ടവും ഉത്തരവാദിയായ കരാറുകാരനിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-34 കാലി ടാർ വീപ്പ വിറ്റുകിട്ടുന്ന തുക തനത് ഫണ്ടിൽ നിക്ഷേപിച്ചത് - തിരിച്ചടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

സർക്കുലർ നം 59872/എഫ്.എം/07.ത.സ്വ.ഭ.വ തീയതി 30.102007 പ്രകാരം ടാർ വീപ്പ വിറ്റുകിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ജി.ഒ(പി) നം.177/06 ധനം 12.04.2006 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ടാർ ഉപയോഗിച്ച് നടത്തുന്ന റോഡ് പ്രവൃത്തികൾക്ക് പാക്കഡ് ബിറ്റുമൻ നിരക്കാണ് എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്നത് , ആയതിനാൽ പ്രവൃത്തിയുടെ ബിൽ കരാറുകാരന് അനുവദിക്കുമ്പോൾ ടാർ വീപ്പയുടെ വിലയും 18% ജി.എസ്.ടിയും കുറവ് വരുത്തിയാണ് കരാറുകാരന് തുക അനുവദിക്കുന്നത്. ഇത്തരത്തിൽ ഈടാക്കുന്ന വീപ്പയുടെ വില പഞ്ചായത്തിന്റെ പേരാവൂർ സബ്ട്രഷറി അക്കൗണ്ടിലേക്കുമാണ് (അക്കൗണ്ട് നം.799013000000389) ഒടുക്കുന്നത് . ഉദാഹരണം ചുവടെ കൊടുക്കുന്നു

| പ്രവൃത്തിയുടെ പേര് | വകയിരുത്തിയ ഫണ്ട് | തുക ഈടാക്കിയ ബിൽ നം/ തീയതി | ഈടാക്കിയ തുക |
|---|---|---|---|
| 136/25 – മലയാമ്പടി ഏലപ്പീടിക റോഡ് മെയിന്റനൻസ് | ₹753033 /- സംരക്ഷണ ഫണ്ട് (റോഡ്) | ബിൽ നം. 27/26.06.2024- ₹491790 ബിൽ നം. 33/26.06.2024- ₹207812 | ₹2618 |
| 124/25 – മലയാമ്പടി കാടന്മല റോഡ് അഭിവൃദ്ധിപ്പെടുത്തൽ | ₹489000/- - സംരക്ഷണ ഫണ്ട് (റോഡ്) | ബിൽ നം. 28/26.06.2024- ₹ 448761 | ₹3570 |
| 176/25 – മഞ്ഞളാംപുറം കുഴിക്കണ്ണി റോഡ് അഭിവൃദ്ധിപ്പെടുത്തൽ (ബഹുവർഷ പ്രോജക്ട്) | ₹200000- സംരക്ഷണ ഫണ്ട് (റോഡ്) | ബിൽ നം. 406/24.03.2025 ₹200000 | ₹6426 |
| 200/25- വള്ളിമുക്ക് ബാവലി റോഡ് നവീകരണം | ₹500000 - സംരക്ഷണ ഫണ്ട് (റോഡ്) | ബിൽ നം. 418/25.03.2025 ₹386344 (Part Bill) | ₹4522 |

ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ച തുക ജി.ഒ(പി) നം.177/06 ധനം 12.04.2006 ഉത്തരവ് ഖണ്ഡിക 10.3 പ്രകാരം തിരിച്ചടച്ചിട്ടുണ്ടോ എന്നുള്ള വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് പഞ്ചായത്ത് സെക്രട്ടറിക്കും, അസിസ്റ്റന്റ് എഞ്ചിനീയർക്കും നൽകിയ ഓഡിറ്റ് എൻക്വയറി നം 13/11.11.2025 നുള്ള മറുപടിയിൽ പ്രൈസ് 3 യിൽ ബിൽ ജനറേറ്റ് ചെയ്തു വരുന്നതിനാൽ കെസ്മാർട്ട് വഴി തുക സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് നൽകുന്നതിന് മാത്രമേ സാധിക്കുകയുള്ളൂ എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചത്. എന്നാൽ തുക തിരിച്ചടച്ചതുമായി ബന്ധപ്പെട്ട് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

വീപ്പയുടെ വില ഇനത്തിൽ ഈടാക്കിയ മുഴുവൻ തുകയും തിരിച്ചടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-35 ഹെൽത്ത് ഗ്രാന്റ് അവലോകനം

തദ്ദേശസ്ഥാപനങ്ങളിലെ പ്രാഥമികാരോഗ്യ പരിരക്ഷാസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ

2021-22 മുതൽ 2025-26 വരെയുള്ള 5 വർഷക്കാലത്തേക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം. 2132/2022/LSGD തീ. 31.8.2022 പ്രകാരവും 2022-23 ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം.2156/2022/ LSGD തീ 01.09.2022, സ.ഉ. (സാധാ)നം.1625/2023/തസ്വഭവ തീ. 09.08.2023 എന്നിവ പ്രകാരവും മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം.3/138/2023/തസ്വഭവ തീ. 23.05.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവ്വഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 6 സ്കീമുകളിലായി തുക ചെലവഴിക്കുന്നതിനാണ് ഹെൽത്ത് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്. സ്കീം 1, 3, 4 എന്നിവയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായിട്ടുള്ളത്. സ്കീം 2 ബ്ലോക്ക് പഞ്ചായത്തിനും സ്കീം 5, 6 എന്നിവ നഗരസഭാസ്ഥാപനങ്ങൾക്കുമാണ് ബാധകം. സ്കീം 1 പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം നൽകുന്നു. സ്കീം 3 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തുക വകയിരുത്തുന്നു. ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് സ്കീം 4 പ്രകാരം തുക അനുവദിക്കുന്നത്.

ഗ്രാമപഞ്ചായത്തിന് 2021-22 മുതൽ നാളിതുവരെ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയുടെയും, അതിൽ നിന്നുള്ള ചെലവിനെയും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പലിശ ഉൾപ്പെടെ ലഭിച്ച തുക

| ഗ്രാന്റ് വർഷം | സ്കീം 1 | സ്കീം 3 | സ്കീം 4 | ആകെ |
|---|---|---|---|---|
| 2021-22 | - | 0 | 0 | 0 |
| 2022-23 | 296957 | 0 | 162244 | 459201 |
| 2023-24 | 727067 | 2805171 | 315651 | 3847889 |
| 2024-25 | 325305 | 80003 | 499738 | 905046 |
| ആകെ | | | | 5212136 |

ചെലവഴിച്ച തുക

| ഗ്രാന്റ് വർഷം | സ്കീം 1 | സ്കീം 2 | സ്കീം 3 | ആകെ |
|---|---|---|---|---|
| 2021-22 | 0 | 0 | 0 | 0 |
| 2022-23 | 28596 | 0 | 144828 | 173424 |
| 2023-24 | 0 | 0 | 161526 | 161526 |
| 2024-25 | 66833 | 461245 | 144242 | 672320 |
| ആകെ | | | | 1007270 |

**2025 മാർച്ച് മാസാവസാനത്തെ നീക്കിയിരിപ്പ്: 5212136-1007270= 4204866**

വിവിധ വർഷങ്ങളിലായി പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ

| പ്രോജക്ട് നമ്പർ, പേര് | സാമ്പത്തിക വർഷം | ചെലവ് | സ്കീം നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| 197/23, രോഗനിർണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ | 2022-23 | 28596 | സ്കീം നം.1 |
| 244/24, കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 2023-24 | 161526 | സ്കീം നം.4 |
| 162/25, കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 2024-25 | 144242 | സ്കീം നം.4 |
| 161/25, രോഗനിർണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ | 2024-25 | 66833 | സ്കീം നം.1 |
| 193/25, പൂളക്കുറ്റി പി എച്ച് സി സബ്സെന്റർ കെട്ടിട നിർമ്മാണം | 2024-25 | 461245 | സ്കീം നം.3 |

സ്കീം 3 പ്രകാരമുള്ള 144828 രൂപ 3-4-2023 തീയതിയിൽ എച്ച് എം സി ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ആസ്തികൾ സൃഷ്ടിക്കുന്നതിനായി 461245 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. പൂളക്കുറ്റി പി എച്ച് സി സബ്സെന്റർ കെട്ടിട നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണെന്നും പണി പൂർത്തിയാകുന്ന മുറയ്ക്ക് സ്കീം 3 പ്രകാരം ലഭ്യമായ തുക ചെലവഴിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
ആതുര സേവനരംഗത്ത് ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ചികിത്സാ സൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ആരോഗ്യ ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി പദ്ധതികൾ ആവിഷ്ക്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 ജൽജീവൻ മിഷൻ പദ്ധതി-അവലോകനം

എല്ലാ ഗ്രാമീണ വീടുകളിലും രണ്ടായിരത്തി ഇരുപത്തിനാലോടു കൂടി കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കിയ പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി. പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് താഴെപ്പറയും പ്രകാരമാണ്.
കേന്ദ്ര, സംസ്ഥാന വിഹിതം - 50:50
സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം -15%
ഗുണഭോക്തൃവിഹിതം -10%

പദ്ധതിയുടെ ആദ്യഘട്ടത്തിൽ നിലവിലുള്ള കുടിവെള്ളപദ്ധതികളിൽ നിന്നും സാധ്യമായ പരമാവധി കണക്ഷനുകൾ നൽകുന്നതിനും രണ്ടാംഘട്ടത്തിൽ നിലവിലുള്ള പദ്ധതിയുടെ വിപുലീകരണത്തിലൂടെ കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുമാണ് മുൻഗണന നൽകിയിട്ടുള്ളത്. ജലവിഭവ (ജലവിതരണ സി) വകുപ്പിന്റെ നം.37/2020/തീ.8.6.2020 ഉത്തരവ് പ്രകാരം 5 വർഷത്തേക്കുള്ള പദ്ധതിക്ക് സംയുക്തഭരണാനുമതി നൽകുകയും നിർവഹണസംവിധാനം അംഗീകരിച്ചുകൊണ്ട് സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കാൻ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. 2024 വർഷത്തോടെ എല്ലാ വീടുകളിലും ഗാർഹിക ടാപ്പ് കണക്ഷൻ മുഖേന ആവശ്യമായ അളവിൽ ശുദ്ധജലം എത്തിക്കുക എന്നതാണ്

ജൽജീവൻ മിഷൻ പദ്ധതിയുടെ ലക്ഷ്യം.
കണിച്ചാർ ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 2-6-2021 തീയതിയിലെ 10/92(2)/2021 നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ജൽ ജീവൻ മിഷന്റെ 2021 ലെ ഡീറ്റെയ്ൽഡ് പ്രൊജക്ട് റിപ്പോർട്ട് പ്രകാരം ആകെ ഹൗസ് ഹോൾഡേഴ്സ് 3953 എണ്ണവും ആകെ എസ്റ്റിമേറ്റ് തുക 3658.4 ലക്ഷം രൂപയും ആയതിൽ ഗ്രാമ പഞ്ചായത്ത് വിഹിതം (15%) 548.76 ലക്ഷം രൂപയും ഗുണഭോക്തൃ വിഹിതം (10%) 365.84ലക്ഷം രൂപയും ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനായി സെക്രട്ടറി, കണിച്ചാർ ഗ്രാമപഞ്ചായത്ത്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, ഡബ്ല്യു എസ് ഡിവിഷൻ കണ്ണൂർ, നിർവ്വഹണ ഏജൻസിയായ രാജീവ് യൂത്ത് ഫൗണ്ടേഷൻ ഗാന്ധി നഗർ, ബ്ലോക്ക് -2 . കരുവാമ്പ്രം പി ഒ, മലപ്പുറം ജില്ല എന്നിവർ ചേർന്ന് 16-10-2021 തീയതിയിൽ 1/21-22 നമ്പറായി ത്രികക്ഷി കരാർ ഒപ്പ് വെച്ചിട്ടുണ്ട്. കരാർ പ്രകാരം കാലാവധി 18 മാസമാണ് ജൽജീവൻ മിഷൻ പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിക്ക് സ്ഥാപനവിഹിതമോ ഗുണഭോക്തൃവിഹിതമോ ആയി നാളിതുവരെ തുകയൊന്നും തന്നെ കൈമാറിയിട്ടില്ല എന്നും നാളിതുവരെ ജൽ ജീവൻ മിഷൻ പദ്ധതി ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല എന്നും ടി പദ്ധതിയിൽ വാട്ടർകണക്ഷൻ ലഭ്യമായിട്ടില്ല എന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 2/9-11-2025 ) മറുപടി നൽകിയിട്ടുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ വേണ്ട തുടർപ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് നടത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം-ഒടുക്ക് സംബന്ധിച്ച പരിശോധന

**എ)മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

(01.04.2024 ന് മുമ്പ് സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ | മെഡിസെപ് പ്രീമിയം ഇനത്തിൽ | മെഡിസെപ് പ്രീമിയം ഇനത്തിൽ | ഒടുക്കാൻ ബാക്കി നിൽക്കുന്ന | റിമാർക്സ് |
|---|---|---|---|---|

| എണ്ണം | ഈടാക്കിയ തുക (₹) | ഒടുക്കിയ തുക (₹) | തുക (₹) | |
|---|---|---|---|---|
| 18 | 77000 | 77000 | - | - |

**ബി)മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 0 | - | - | - | - | - |

**സി)മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024 മുതൽ 31.07.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതലുള്ള കുടിശ്ശിക ഈടാക്കി യിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല | - | - | - | - |

**ഡി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ഉൾപ്പടെ) | | | |
| ഇല്ല | - | - | - | - | - |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2024-25 | 07.112025, 10.11.2025 | കെ.എസ്.എ/കെ.എൻ.ആർ/സി. 4/1868/2025<br>തീയതി: 06-12-2025 |

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വകുപ്പ് സംയുക്ത പ്രോജക്ടുകൾക്കായി പേരാവൂർ ബ്ലോക്ക്, കണ്ണൂർ ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് ലഭിച്ച തുകയുടെ വരവ് – ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

| | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | ആകെ | പ്രോജക്ടിന്റെ പേര് /നമ്പർ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 0 | 100000.00 | 100000.00 | 05/25-സമഗ്ര നെൽകൃഷി വികസനംസംയുക്ത പദ്ധതി | 100000.00 | 0 |
| | 0 | 602331.00 | 602331.00 | 67/25ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 602331.00 | 0 |
| | 0 | 210000.00 | 210000.00 | 90/25- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 210000.00 | 0 |
| | 0 | 980000.00 | 980000.00 | 97/25-ലൈഫ് ഭവനപദ്ധതി - ജനറൽ | 980000.00 | 0 |
| | 0 | 24957.00 | 24957.00 | 185/25- അതിദരിദ്രർക്ക് ഭക്ഷണകിറ്റ് നൽകൽ പദ്ധതി | 24957.00 | 0 |
| | 0 | 320329.00 | 320329.00 | 195/25-ലൈഫ് 2020 പട്ടികജാതി | 320329.00 | 0 |
| **ആകെ** | | **2237617.00** | **2237617.00** | | **2237617.00** | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 0 | 168850.00 | 168850.00 | 81/25- പെയിൻ ആൻഡ് പാലിയേറ്റീവ് | 168850.00 | 0 |
| | 0 | 70000.00 | 70000.00 | 90/25- ശാരീരിക മാനസിക | 70000.00 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | | |
| | 0 | 2022064.00 | 2022064.00 | 97/25ലൈഫ് ഭവനപദ്ധതി - ജനറൽ | 2022064.00 | 0 |
| | 0 | 488199.00 | 488199.00 | 105/25- ലൈഫ് ഭവനപദ്ധതി - എസ് ടി | 488199.00 | 0 |
| | 0 | 1704489.00 | 1704489.00 | 156/25- മുടവങ്ങോട് സ്മാർട്ട് അംഗണവാടി നിർമ്മാണം | 1704489.00 | 0 |
| | 0 | 653359.00 | 653359.00 | 135/25- കാടൻമല മിച്ചഭുമി കോളനി കുടിവെള്ള പദ്ധതി | 653359.00 | 0 |
| | 0 | 639597.00 | 639597.00 | 133/25- ആറ്റാംചേരി പാടശേഖരം അടിസ്ഥാന സൗകര്യം ഒരുക്കൽ | 639597.00 | 0 |
| | 0 | 911172.00 | 911172.00 | 144/25- കണിച്ചാർ ഗ്രാമപഞ്ചായത്ത് ടൂറിസം പദ്ധതി | 911172.00 | 0 |
| | 0 | 120539.00 | 120539.00 | 67/25- ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 120539.00 | 0 |
| **ആകെ** | | **6778269.00** | **6778269.00** | | **6778269.00** | |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിൽ മുൻകൂർ തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ളതുക |
|---|---|---|---|---|---|
| കെ.സ്.സി.ബി | 194/25-കണിച്ചാർ ചെങ്ങോം റോഡിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ വലിക്കലും ചെങ്ങോം ഭാഗം, മഞ്ഞളാംപുറം കുഴിക്കണ്ണി ഭാഗം | 311/12.03.2025<br>310/12.03.2025 | 5000.00<br>40000.00 | 45000.00 | 0 |

| | | | | | |
|---|---|---|---|---|---|
| | എന്നിവിടങ്ങളിൽ മീറ്റർ സ്ഥാപിക്കലും | | | | |
| ഭൂജല വകുപ്പ് | 75/25- വിവിധ കുഴൽക്കിണറുകൾക്ക് മോട്ടോറും ടാങ്കും സ്ഥാപിക്കൽ | 405/24.03.2025 | 226000.00 | 0 | 226000.00 |
| ആകെ | | | 271000.00 | 45000.00 | 226000.00 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-6 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും, തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി 2018 (ഹഡ്കോ) | ജി. ഒ. (എം.എസ്) നം.68/ 2018/ ത.സ്വ.ഭ.വ/ 18-5-2018 | 11700000 | 5792473 | 0 | 1478040 | | 4314433 |
| ലൈഫ് മിഷൻ ഭവന പദ്ധതി 2022 | ജി. ഒ. (എം.എസ്) നം.68/ 2018/ ത.സ്വ.ഭ.വ/ 18-5-2018 | 11090038 | 9416070 | 1673968 | | | 11090038 |
| ആകെ | | | | | | | 15404471 |

വാർഷിക ധനകാര്യ പത്രിക ബി 5 ഷെഡ്യൂൾ പ്രകാരം 11443916 രൂപയാണ് വായ്പ ഇനത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത് (44529 രൂപ പലിശ വരവ് ഉൾപ്പെടെ). ലോൺ രജിസ്റ്റർ പ്രകാരം 15404471 രൂപ തിരിച്ചടക്കാൻ

ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. ലോൺ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 4-7 സ്ഥിര നിക്ഷേപം

ഇല്ല

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ:

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലുള്ള അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 19 | 2003-04 | 3.13.17 | സമഗ്ര നാളികേര വികസന പദ്ധതി-പമ്പ് സെറ്റ് വിതരണം അനർഹർക്ക് ആനുകൂല്യം നൽകി | പരാമർശം നിലനിൽക്കുന്നു |
| 2002-03 | 3-1 | 2006-07 | 3.99.1 | റോഡ് പ്രവൃത്തിക്ക് ടാർ വാങ്ങൽ തുക ദുരുപയോഗം ചെയ്തു | പരാമർശം നിലനിൽക്കുന്നു |
| ലഘു അവലോകനം | -- | 2012-13 | 2-7 | തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ദുരിതാശ്വാസ നിധി | പരാമർശം നിലനിൽക്കുന്നു |
| ലഘു അവലോകനം | -- | 2012-13 | 2-8-1 | തുടർ വിദ്യാഭ്യാസ പരിപാടി | പരാമർശം നിലനിൽക്കുന്നു |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2012-13 | 3.4.5.2 | ലേബർ ബഡ്ജറ്റും കാർഷിക കർമ്മ പരിപാടി | പരാമർശം നിലനിൽക്കുന്നു |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2012-13 | 3.4.5.3 | ഗ്രാമസഭകളുടെ പ്രവർത്തനം | പരാമർശം നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| അവലോകനം | | 2012-13 | 3.4.5.3 | ഓഡിറ്റിന്റെ വ്യാപ്തി | പരാമർശം നിലനിൽക്കുന്നു |
| അവലോകനം | | 2014 - 15 | 4.3.2.12 | ഒരേ വ്യക്തി ഒന്നിലധികം പെൻഷൻ വാങ്ങുന്നു | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | ഖ.1 അനുബന്ധം 3 | വസ്തു നികുതി | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-8 | 2016-17 | ഖ.2 അനുബന്ധം 5 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |

## 4-10 ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

### സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 42287770.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 39147869.00 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1858251.00 |

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ബി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 56000.00 | ശ്രീ. വിനോദ് പി കെ , സെക്രട്ടറി |
| 1-17 | 25000.00 | ശ്രീ.ദീപുരാജ് ആർ, സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-18 | 50000.00 | ശ്രീമതി. ലിനി വർഗ്ഗീസ് , ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-19 | 300000.00 | ശ്രീ.സതീഷ് കുമാർ , വി ഇ ഒ, കൊളക്കാട് സർക്കിൾ |
| 1-20 | 500000.00 | ശ്രീ.സതീഷ് കുമാർ , വി ഇ ഒ, കൊളക്കാട് സർക്കിൾ |
| 1-21 | 80000.00 | ശ്രീ.ദീപുരാജ് ആർ, സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-22 | 50000.00 | ശ്രീ.ദീപുരാജ് ആർ, സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-23 | 193328.00 | ശ്രീ.ദീപുരാജ് ആർ, സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-24 | 39813.00 | ശ്രീ.ദീപുരാജ് ആർ, സെക്രട്ടറി ഇൻ ചാർജ്ജ് , ₹19854/-<br>ശ്രീ. വിനോദ് പി കെ , സെക്രട്ടറി , ₹19959/- |
| 1-26 | 19923.00 | ഡോ.അതുൽ പി ആർ, മെഡിക്കൽ ഓഫീസർ,പി എച്ച് സി |
| 1-27 | 90085.00 | ഡോ.അതുൽ പി ആർ, മെഡിക്കൽ ഓഫീസർ,പി എച്ച് സി |
| 1-28 | 19475.00 | ഡോ.മനോജ് ഇ പി , മെഡിക്കൽ ഓഫീസർ. ഹോമിയോ |
| 1-29 | 7627.00 | ശ്രീ.ബെഞ്ചി ഡാനിയേൽ, കൃഷി ഓഫീസർ |
| 1-30 | 1000.00 | ശ്രീ.ബെഞ്ചി ഡാനിയേൽ, കൃഷി ഓഫീസർ |

| | | |
|---|---|---|
| 1-31 | 200000.00 | ശ്രീ.ബെഞ്ചി ഡാനിയേൽ, കൃഷി ഓഫീസർ |
| 1-32 | 226000.00 | ശ്രീമതി. മഞ്ജുഷ ഡി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1858251.00 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും.

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വിനോദ് പി കെ , സെക്രട്ടറി | സെക്രട്ടറി, മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് | പുതിയമഠം ഹൗസ്, കണിച്ചാർ, കണിച്ചാർ പി. ഒ |
| ശ്രീ.ദീപുരാജ് ആർ, സെക്രട്ടറി ഇൻ ചാർജ്ജ് | പുളിങ്കുന്ന ഗ്രാമപഞ്ചായത്ത് , ആലപ്പുഴ | കാട്ടുങ്കൽ ഹൗസ്, സനാതനപുരം. പി. ഒ, ആലപ്പുഴ -688003 |
| ശ്രീമതി. ലിനി വർഗ്ഗീസ് , ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ, കണിച്ചാർ ഗ്രാമപഞ്ചായത്ത് | കരിമ്പനക്കൽ ഹൗസ്, മണിക്കടവ് .പി.ഒ, 670705 |
| ശ്രീ.സതീഷ് കുമാർ , വി ഇ ഒ, കൊളക്കാട് സർക്കിൾ | വി ഇ ഒ, കണിച്ചാർ ഗ്രാമപഞ്ചായത്ത് | അല്ലിയാങ്കൽ ഹൗസ്, അതിരാറ്റുകുന്ന് പി ഒ, കേണിച്ചിറ, വയനാട്-673596 |
| ഡോ.അതുൽ പി ആർ, മെഡിക്കൽ ഓഫീസർ,പി എച്ച് സി | മെഡിക്കൽ ഓഫീസർ, പി എച്ച് സി കൊളക്കാട് | പുന്നക്കാട്ടുകുടി, പെരുന്താനം, കേളകം-670674 |
| ഡോ.മനോജ് ഇ പി , മെഡിക്കൽ ഓഫീസർ. ഹോമിയോ | മെഡിക്കൽ ഓഫീസർ, ജി എച്ച് ഡി, പൂളക്കുറ്റി, കണിച്ചാർ ഗ്രാമപഞ്ചായത്ത് | എക്കരപറമ്പത്ത്, കോയാട് പി ഒ |
| ശ്രീ.ബെഞ്ചി ഡാനിയേൽ, കൃഷി ഓഫീസർ | കടപ്ര കൃഷി ഓഫീസ്, പത്തനംതിട്ട | ബിജോയ് വില്ല, കല്ലിമ്മേൽ പി ഒ, മാവേലിക്കര- 690509 |
| ശ്രീമതി. മഞ്ജുഷ ഡി, അസിസ്റ്റന്റ് | അസിസ്റ്റന്റ് എഞ്ചിനീയർ, | സിസ്റ്റ, നിയർ പോലീസ് ക്വാട്ടേഴ്സ്, പുത്തൂർ |

| | | |
|---|---|---|
| എഞ്ചിനീയർ | കോട്ടത്തറ ഗ്രാമപഞ്ചായത്ത്, വയനാട് | വയൽ പി ഒ, കല്പറ്റ, വയനാട് - 673577 |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്നഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി.4/838/2025 Dtd. 08.07.2025 | 1 |
| 1999-00 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി.4/838/2025 Dtd. 08.07.2025 | 2 |
| 2000-01 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി.4/838/2025 Dtd. 08.07.2025 | 1 |
| 2002-03 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി.4/838/2025 Dtd. 08.07.2025 | 1 |
| 2004-05 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി.4/838/2025 Dtd. 08.07.2025 | 2 |
| 2005-06 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി.4/838/2025 Dtd. 08.07.2025 | 1 |
| 2006-07 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി.4/838/2025 Dtd. 08.07.2025 | 1 |
| 2008-09 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി.4/838/2025 Dtd. 08.07.2025 | 1 |
| 2009-10, 2010-11 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി.4/838/2025 Dtd. 08.07.2025 | 12 |
| 2015-16 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി.4/838/2025 Dtd. 08.07.2025 | 3 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി.4/838/2025 Dtd. 08.07.2025 | 1 |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി.4/838/2025 Dtd. 08.07.2025 | 3 |
| 2019-2020 | നം.കെ.എസ്.എ/കെ.എൻ.ആർ/ | 4 |

| | | |
|---|---|---|
| | സി.4/838/2025<br>Dtd. 08.07.2025 | |
| 2020-21 | നം.കെ.എസ്.എ/കെ.എൻ.ആർ/<br>സി.4/838/2025<br>Dtd. 08.07.2025 | 6 |
| 2021-22 | നം.കെ.എസ്.എ/കെ.എൻ.ആർ/<br>സി.4/838/2025<br>Dtd. 08.07.2025 | 9 |
| 2022-232 | നം.കെ.എസ്.എ/കെ.എൻ.ആർ/<br>സി.11/110/2024<br>Dtd. 09.02.2024 | 16 |
| 2023-24 | നം.കെ.എസ്.എ/കെ.എൻ.ആർ/<br>സി.4/330/2025<br>Dtd. 11.03.2025 | 27 |
| ആകെ | | 87 |

ഡെപ്യൂട്ടി ഡയക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 103/2025 dated 103/2025 dated 18-06-2025 and submitted on 19-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Kanichar Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kanichar Grama Panchayat as on 31-03-2025

**Date: 06/12/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Kanichar Grama Panchayat for the Year 2024-2025.

### 1.Major Observations

Nil

### 2.Other Observations

1.Discrepancies in calculating the Gross surplus/deficit of Income Over Expenditure in Income and Expenditure statement.

2. Amount shown as liability in Balance sheet does not match with Bank account opened for the specified grant account(CFC Grant, SSA grant, ).

3. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

4. Mandatory financial statements such as Ratios, B1 Schedule prescribed in 2011 kerala panchayat raj accounting rules not submitted for audit.

5. Comparitive amounts for the preceding year ,prescribed in 2011 kerala panchayat raj accounting rules not recorded.

6. Lapses in making timely and accurate demand entries in respect of tax and non tax revenue.

7. No mechanism to review and adjust the advance allotted in time.

8. Outstanding balance of loan repayment shown in balance sheet of annual financial statement does not match with the amount shown in Loan register.

9. Asset register not updated

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3
# RECEIPT AND PAYMENT STATEMENT

**Kanichar Grama Panchayat RECEIPT & PAYMENT STATEMENT**
For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 22892591.00 |
| Cash | Cash | RP-40(a) | 69480.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1239110.00 |
| 140000000 | Fees & User Charges | RP-4 | 2335951.00 |
| 150000000 | Sale & Hire Charges | RP-5 | 133474.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 10836748.00 |
| 171000000 | Interest Earned | RP-9 | 147938.00 |
| 190000000 | Prior Period Income | RP-11 | 10574.00 |
| 311000000 | Earmarked Funds | RP-28 | 6140.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 18583265.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5437712.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-49 | 1533806.00 |
| | **Non Operating** | | |
| 330000000 | Secured Loans | RP-31 | 819875.00 |
| 340000000 | Deposits Received | RP-33 | 461326.00 |
| 350000000 | Other Liabilities | RP-35 | 741851.00 |
| | **Grand total** | | **65249841.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 13860.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 60134.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3387360.00 |
| 460000000 | Loans, Advances and Deposits | RP-49 | 301280.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 150807.00 |
| 350000000 | Other Liabilities | RP-35 | 35234428.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 26065675.00 |
| Cash | Cash | RP-40(b) | 36297.00 |
| | **Grand Total** | | **65249841.00** |

## അനുബന്ധം-4
## INCOME AND EXPENDITURE STATEMENT

**Kanichar Grama Panchayat INCOME & EXPENDITURE STATEMENT**
For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 5022131.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 177750.00 |
| 140000000 | Fee & User Charges | I-4 | 2118047.00 |
| 150000000 | Sale & Hire Charges | I-5 | 133474.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 151229224.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 147938.00 |
| 180000000 | Other Income | I-9 | 107114.00 |
| | **Total Income** | | **158935678.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 10755756.00 |
| 220000000 | Administrative Expenses | I-11 | 1045424.00 |
| 230000000 | Operations & Maintenance | I-12 | 972981.00 |
| 240000000 | Interest & Finance Charges | I-13 | 623.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5598318.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 33670184.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 6202146.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 37981420.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 34228200.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 542914.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 15031644.00 |
| | **Total Expenditure** | | **146029610.00** |
| | **Gross Surplus / Deficit of income over Expenditure before Prior Period Income** | | **12906068.00** |
| 190000000 | Prior Period Income | I-19 | -62667.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 717459.00 |
| | Net Difference | I-19 – I-18 | **-654792.00** |
| | **Gross Surplus / Deficit of income over Expenditure after Prior Period Income** | | **12251276.00** |

# അനുബന്ധം-5
# BALANCE SHEET

**Kanichar Grama Panchayat BALANCE SHEET**
As on 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 1202956.00 |
| 311000000 | Earmarked Funds - Special Funds/ Sinking Fund/Trust or Agency Fund | B-2 | 126697.00 |
| 312000000 | Reserves | B-3 | 77038978.00 |
| | **Total Reserve & Surplus** | | **78368631.00** |

| | | | |
|---|---|---|---|
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 23589939.00 |
| | **Total Grants, Contributions for Specific Purposes** | | **23589939.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 11443916.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **11443916.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1211965.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3272249.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **4484214.00** |
| | **TOTAL LIABILITIES** | | **117886700.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 1371088.00 |
| 412000000 | Capital Work in Progress | B-11(b) | 2266239.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 538704.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 18886661.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 133264055.00 |
| 416000000 | Accumulated Depreciation | B-11(a) | -73009858.00 |
| | **Total Fixed Assets** | | **83316889.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 640533.00 |
| 431000000 | Sundry Debtors (Receivables) | B-15 | 3518143.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 26101972.00 |
| 460000000 | Loans, Advances and Deposits | B-18 | 4309163.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **34569811.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **117886700.00** |

ഡെപ്യൂട്ടി ഡയക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്